## വർധിക്കുന്ന കൊലപാതകങ്ങളോ സംസ്കാരത്തിന്റെ അടയാളം?

കൊലപാതകം ഒരു പ്രവണതയാണ്. കൊല നടത്തുന്നവൻ താനൊരു ജീവനെയാണ് ഇല്ലാതാക്കുന്നത് എന്ന് ചിന്തിക്കുന്നില്ല. ജാതി, മതം, വർഗം, വർണം, ദേശം, ഭാഷ, രാഷ്ട്രീയം തുടങ്ങി വിവിധ കാര്യങ്ങളുടെ പേരിൽ ലോകത്ത് കൊലപാതകങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. വിദ്യാസമ്പന്നർ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരും അതിന്റെ പേരിൽ സ്വയം അഭിമാനിക്കുന്നവരുമായവർക്കിടയിൽ കുറ്റകൃത്യങ്ങളുടെ ഗ്രാഫ് കുത്തനെ ഉയരുന്നുവെന്നത് ആശങ്കാജനകമാണ്.



VOL NO: 03 | ISSUE 42

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 OCTOBER 19 | ₹12

# വിവാഹപ്രായം: മഞ്ഞക്കണ്ണട വെച്ച വിമർശകർ

വിവാഹിതരാകുന്നതിന് ഇസ്‌ലാം പ്രത്യേക പ്രായം നിശ്ചയിച്ചിട്ടില്ല. പക്വതയെത്തിയ ആണിനും പെണ്ണിനും നിയതമായ മാർഗത്തിലൂടെ ഒന്നാവാൻ ഇസ്‌ലാമിക നിയമങ്ങൾ തടസ്സവുമല്ല. എന്നാൽ കടുംബമെന്ന സങ്കൽപം തന്നെ നിരാകരിക്കുന്ന ദർശനത്തിന്റെ വക്താക്കൾ ഇസ്‌ലാമിക വൈവാഹിക മൂല്യങ്ങൾക്കെതിരെ ശബ്ദമുയർത്തുന്നത് പതിവാണ്. വിവാഹപ്രായവുമായി ബന്ധപ്പെട്ട മതത്തിന്റെ നിലപാടെന്താണ്? അത് എത്രത്തോളം ശാസ്ത്രീയമാണ്?

- നേതൃത്വം അലങ്കാരമല്ല
- വിശ്വാസം: ഉൽപത്തി, യുക്തി, പ്രസക്തി
- 'നിങ്ങൾക്ക് അധികാരമുണ്ട്, എനിക്ക് തത്ത്വദീക്ഷയും'

Let's scaffold to survive Relief .......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!
In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION
C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437

നേർപഥം
വാരിക
0144 / 2019 ഒക്ടോബർ 19 / 1441 സഫർ 20 / പുസ്തകം 3 / ലക്കം 42



# വിവാഹപ്രായം: മഞ്ഞക്കണ്ണടവെച്ച വിമർശകർ

ഡോ. ജൗസൽ / 10

**മുഖമൊഴി**
വർധിക്കുന്ന കൊലപാതകങ്ങളോ സംസ്കാരത്തിന്റെ അടയാളം?/ 05
എഡിറ്റർ

**ലേഖനം**
യുദ്ധാനന്തര ഉഹ്ദ് / 07
ഫദ്‌ലുൽ ഹഖ് ഉമരി
വിശ്വാസം: ഉൽപത്തി, യുക്തി, പ്രസക്തി / 18
അബ്ദുല്ല ബാസിൽ സി.പി
തെളിവുകൾ സ്വീകരിക്കുന്നതിലെ കണിശത / 23
ശൈഖുൽ ഇസ്‌ലാം ഇബ്‌നു തീമിയ(റഹി)

**വിമർശനം**
വെള്ളിയാഴ്ചയിലെ പ്രത്യേക സ്വലാത്ത് / 15
മൂസ സ്വലാഹി, കാര

**കൂട്ടായ്മ**
നേതൃത്വം അലങ്കാരമല്ല/ 22
ടി.കെ അശ്‌റഫ്

**ബാലപഥം**
ചുമടേറ്റിയ പ്രവാചകൻ/ 26
കുഞ്ഞനുറുമ്പുകൾ / 27
ഉസ്മാൻ പാലക്കാഴി

**ആരോഗ്യപഥം**
ഓർമയും മസ്തിഷ്‌കവും / 28
അബ്ദുൽ മുസ്വവ്വിർ


**നമുക്ക് ചുറ്റും**
'നിങ്ങൾക്ക് അധികാരമുണ്ട്, എനിക്ക് തത്ത്വദീക്ഷയും' / 29
പി.വി.എ പ്രിംറോസ്

**പുനർവായന**
മാപ്പിള ലഹള / 30
പി.വി ഉമർകുട്ടി ഹാജി (റഹി)

**കാഴ്ച**
സാന്ത്വന സൗഹൃദങ്ങൾ / 34
ഇബ്‌നു അലി എടത്തനാട്ടുകര

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



# ആദ്യം സ്വയം നന്നാവുക

ഇംഗ്ളണ്ട് ക്രിക്കറ്റ് ടീം ലോകകപ്പ് നേടി. പക്ഷേ, നന്നായി കളിച്ചത് എതിർ ടീമായ ന്യൂസിലൻഡ് എന്ന് ചിലർ. അതിന് ശേഷം ഇംഗ്ളണ്ട് ക്യാപ്റ്റൻ അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറഞ്ഞു. പിന്നീട് അവർ വിജയം ആഘോഷിക്കുന്ന വേളയിൽ ഷാംപെയ്ൻ(മദ്യം) പൊട്ടിക്കുന്ന സമയത്ത് ടീമിലുള്ള മുസ്‌ലിം കളിക്കാർ ആ ആഘോഷത്തിൽ പങ്കെടുക്കാതെ മാറി നിന്നു.

ഇതൊക്കെ കണ്ട നമ്മുടെ നാട്ടിലെ ഒരു കൂട്ടം ചെറുപ്പക്കാർ ഓരോ മുസ്‌ലിം കളിക്കാരനും ഇങ്ങനെയായിരിക്കണം എന്ന് പറഞ്ഞു. വാട്സാപ്പിലും ഫേസ്ബുക്കിലും അത് ഷെയർ ചെയ്തു; അത് നല്ല കാര്യം തന്നെ.

എന്നാൽ ഇതോടൊപ്പം ചില കാര്യങ്ങൾ പറയാതെ വയ്യ. തകർപ്പൻ മ്യൂസിക്കിന്റെ അകമ്പടിയോടെയും പലവിധ ആഭാസങ്ങൾ കാണിച്ചും വിവാഹവും വിവാഹ വാർഷികവും ജന്മദിനവും ആഘോഷിച്ച് അതിന്റെ വീഡിയോ/ഫോട്ടോ ഷൂട്ടിംഗ് നടത്തി സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ച് ലൈക്കിന് മത്സരിക്കുന്നവർ ഏറെയുള്ള നാട്ടിലാണ് നാം ജീവിക്കുന്നത്. ഇതിലൊക്കെ പങ്കുചേരുന്നവരുമുണ്ട് കളിക്കാരുടെ ധാർമികതക്ക് മാർക്കിടുന്നവരിൽ എന്നതാണ് വിരോധാഭാസം.

ഒരു മുസ്‌ലിം പ്രവാചകചര്യ എന്ന നിലയിൽ താടി വളർത്തുകയോ നെരിയാണിക്ക് താഴെയിറങ്ങാത്ത വിധം വസ്ത്രം ഉടുക്കുകയോ ചെയ്താൽ അതിനെ പരിഹസിക്കുന്നവർ, സിനിമാതാരമോ ക്രിക്കറ്റ് കളിക്കാരനോ താടി വളർത്തിയാൽ അത് പോലെ അനുകരിക്കുന്നു.

'ഹാശിം അംല ഇരുന്നുകൊണ്ട് വലതു കൈ കൊണ്ടാണ് വെള്ളം കുടിക്കാറുള്ളത്, അദ്ദേഹത്തിന്റെ ഭാര്യ എവിടെ പോകുമ്പോഴും നിക്വാബ് ധരിക്കാറുണ്ട്' എന്ന് അഭിമാനത്തോടെ പറയുന്ന ചിലരുണ്ട്. ഈ പറയുന്നവരുടെ ഭാര്യമാർ ഇസ്‌ലാമിക വേഷം ധിക്കാതെ പുറത്തിറങ്ങുന്നവരായിരിക്കും.

ധാർമികരോഷം വല്ലാതെ അണപൊട്ടുകയും അന്യരുടെ മതബോധവും മതബോധമില്ലായ്മയും നോക്കി അഭിപ്രായം പറയുകയും ചെയ്യുന്നവർ ആദ്യം ചെയ്യേണ്ടത് സ്വന്തം ജീവിതത്തെ മതപരമാക്കി മാറ്റുക എന്നതാണ്, താൻ ധർമിഷ്ഠയോടെ ജീവിക്കുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കുകയാണ്.

വിശുദ്ധ ക്വുർആൻ പറയുന്നു: "നിങ്ങൾ ജനങ്ങളോട് നൻമ കൽപിക്കുകയും നിങ്ങളുടെ സ്വന്തം കാര്യത്തിൽ (അത്) മറന്നുകളയുകയുമാണോ? നിങ്ങൾ വേദഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. നിങ്ങളെന്താണ് ചിന്തിക്കാത്തത്?" (2:44).

"സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു" (61:1,2).

അവനവന് ആവശ്യമുള്ളത് മാത്രം തിരഞ്ഞെടുക്കുവാൻ ഇസ്‌ലാം ബുഫെ അല്ല എന്ന് ഇത്തരം ആളുകൾ മനസ്സിലാക്കിയാൽ അവർക്കു നല്ലത്. പരിപൂർണമായും ഇസ്‌ലാമിക നിയമ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ജീവിക്കുവാനാണ് അല്ലാഹു കൽപിക്കുന്നത്.

"സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണമായി കീഴ്‌വണക്കത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു" (2:208).

**- മജീദ് ബസ്താക്ക്, കണ്ണൂർ**

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# വർധിക്കുന്ന കൊലപാതകങ്ങളോ സംസ്കാരത്തിന്റെ അടയാളം?

**കോ**ഴിക്കോട് താമരശ്ശേരി കൂടത്തായിയിൽ 14 വർഷത്തിനിടയിൽ നടന്ന, ഒരു കുടുംബത്തിലെ 6 പേരുടെ മരണം കൊലപാതകമായിരുന്നു എന്ന വാർത്ത കേട്ട് മൂക്കത്ത് വിരൽവെക്കാത്തവരുണ്ടാകില്ല. ഒരു സ്ത്രീയാണ് തന്റെ ഭർത്താവിനെയും അദ്ദേഹത്തിന്റെ മാതാപിതാക്കളെയുമടക്കം ആറു പേരെ വളരെ ആസൂത്രിതമായി കൊലപ്പെടുത്തിയിരിക്കുന്നത് എന്നതാണ് കൊലപാതകങ്ങൾക്ക് പഞ്ഞമില്ലാത്ത കേരളത്തിൽ ഈ കൊലപാതകങ്ങളെ വ്യത്യസ്തമാക്കുന്നതും ആളുകളെ അമ്പരപ്പിക്കുന്നതും.

എത്രയെത്ര അരുംകൊലകളാണ് നമ്മുടെ നാട്ടിൽ നടന്നിട്ടുള്ളത്. നമ്മൾ അതിന്റെയൊക്കെ പൊടിപ്പും തൊങ്ങലും വെച്ച വാർത്തകൾ കേൾക്കും, വായിക്കും; അയ്യോ പാവം എന്നു പറയും. നാളെ അതിനെക്കാൾ ക്രൂരമായ പീഡനത്തിന്റെയും കൊലയുടെയും വാർത്ത നമ്മെ തേടിയെത്തും. അതോടെ ഇന്നു വന്ന വാർത്തയെ നാളെ എല്ലാവരും മറക്കും.

അമ്മയെന്നോ പെങ്ങളെന്നോ വൃദ്ധരെന്നോ പിഞ്ചുകുഞ്ഞുങ്ങളെന്നോ വ്യത്യാസമില്ലാതെ പീഡിപ്പിച്ച് കൊലപ്പെടുത്തുക, കവർച്ചക്ക് ശേഷം ദൃക്സാക്ഷിയെ കൊലപ്പെടുത്തുക, കാമുകന്റെ/കാമുകിയുടെ കൂടെ ജീവിക്കാൻ ഭാര്യയെ/ഭർത്താവിനെ കൊല്ലുക, അവിഹിതം കണ്ടതിന് സ്വന്തം മക്കളെ/മാതാപിതാക്കളെ കൊല്ലുക എന്നിങ്ങനെ സ്വാർഥതാൽപര്യത്തിന് വേണ്ടിയുള്ള കൊലപാതകങ്ങളാണ് അടുത്തകാലത്തായി ഏറ്റവും കൂടുതൽ നടക്കുന്നത്.

കൊലപാതകം ഒരു പ്രവണതയാണ്. കൊലനടത്തുന്നവൻ താനൊരു ജീവനെയാണ് ഇല്ലാതാക്കുന്നത് എന്ന് ചിന്തിക്കുന്നില്ല. ജാതി, മതം, വർഗം, വർണം, ദേശം, ഭാഷ, രാഷ്ട്രീയം തുടങ്ങി വിവിധ കാര്യങ്ങളുടെ പേരിൽ ലോകത്ത് കൊലപാതകങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. സ്വത്തിനു വേണ്ടിയുള്ള കൊലപാതകങ്ങളും കുറവല്ല.

സമൂഹം കൊലപാതകികൾക്ക് ആദരവ് കൊടുക്കുന്നു എന്ന വേദനാജനകമായ കാഴ്ചയും നമ്മുടെ രാജ്യത്ത് കണ്ടുതുടങ്ങിയിട്ടുണ്ട്. പത്തു വയസ്സ് പോലും തികയാത്ത പിഞ്ചു കുഞ്ഞിനെ ക്ഷേത്രത്തിൽ തടവിൽ പാർപ്പിച്ച് ദിവസങ്ങളോളും കൂട്ടാളികളുമായി ചേർന്ന് മയക്ക് മരുന്ന് നൽകി അതിക്രൂരമായി പീഡിപ്പിച്ച് കൊന്ന പ്രതിക്ക് വേണ്ടി 'ജനാധിപത്യത്തിലൂടെ ജനങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധി' യാണ് കൊടിപിടിച്ചിറങ്ങിയത്. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ നിന്നും യുവതിയെ തള്ളിത്താഴെയിട്ട് ബലാത്സംഗം ചെയ്ത് തലയ്ക്കടിച്ച് കൊലപ്പെടുത്തിയ വികലാംഗനും ഭിക്ഷാടകനുമായ കൊലയാളിക്കുവേണ്ടി, ലക്ഷങ്ങൾ പ്രതിഫലം വാങ്ങുന്ന പ്രമുഖനായ അഭിഭാഷകൻ വാദിച്ച ചരിത്രവും നാം കണ്ടതാണ്. ആൾക്കൂട്ട കൊലപാതകങ്ങളും പുതുമയുള്ള വാർത്തയല്ലാതായിരിക്കുന്നു നമുക്ക്.

നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ 2016ലെ കണക്ക് പ്രകാരം ഇന്ത്യയിൽ ആകെ 4,889 കൊലപാതകങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ ഏറ്റവുമധികം കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഉത്തർപ്രദേശിലാണ്. രാജ്യത്ത് നടന്ന ആകെ കൊലപാതകങ്ങളിൽ 16.1 ശതമാനമാണ് ഉത്തർപ്രദേശിൽ രജിസ്റ്റർ ചെയ്തത്. 8.5 ശതമാനത്തോടെ തൊട്ടുപിന്നിൽ ബീഹാറും. എന്നാൽ കുറ്റകൃത്യനിരക്കിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് രാജ്യതലസ്ഥാനമായ ഡൽഹിയാണ്. തൊട്ടുപിന്നിൽ കേരളവും. കൊലപാതകം, തട്ടിക്കൊണ്ട് പോകൽ, കവർച്ച, അക്രമണം, തുടങ്ങിയവയെല്ലാം ഇതിൽപ്പെടും.

സാംസ്കാരികമായി ഉയർന്നവർ, വിദ്യാസമ്പന്നർ, ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഉന്നതികൾ കീഴടക്കിക്കൊണ്ടിരിക്കുന്നവർ... ഇങ്ങനെയൊക്കെ വിശേഷിപ്പിക്കപ്പെടുന്നവരും അതിന്റെ പേരിൽ സ്വയം അഭിമാനിക്കുന്നവരുമായവർക്കിടയിൽ കുറ്റകൃത്യങ്ങളുടെ ഗ്രാഫ് കുത്തനെ ഉയരുന്നുവെന്നത് ആശങ്കാജനകമാണ്. കുറ്റവാളികൾക്ക് മതിയായ ശിക്ഷ ലഭിക്കാത്തതും രക്ഷപ്പെടാൻ ഏറെ പഴുതുകളുള്ളതും കുറ്റകൃത്യങ്ങൾ വർധിക്കുവാൻ വലിയ കാരണമാണ്. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# യുദ്ധാനന്തര ഉഹ്ദ്

**ത**ന്റെ ചുറ്റും കൂടിയ സ്വഹാബികളെയും കൊണ്ട് നബിﷺ ഉഹ്ദിന്റെ ഭാഗത്തേക്ക് നീങ്ങി. വിദൂരത്ത് നിൽക്കുന്ന മുസ്‌ലിംകളിൽ ചിലർ ഇത് കണ്ടു. നബിﷺ കൊല്ലപ്പെട്ടിരിക്കുന്നു എന്നുള്ള കുപ്രചരണത്തിനു ശേഷം ആദ്യമായി നബിയെ കണ്ട് തിരിച്ചറിഞ്ഞത് കഅ്ബ് ബ്നു മാലിക്ؓആയിരുന്നു. നബിയെ കണ്ട ഉടനെ അദ്ദേഹം ഇപ്രകാരം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: “അല്ലയോ മുസ്‌ലിംകളേ, സന്തോഷിച്ചു കൊള്ളുക. ഇതാ അല്ലാഹുവിന്റെ പ്രവാചകൻ.” അപ്പോൾ നബിﷺ അദ്ദേഹത്തോട് നിശ്ശബ്ദത പാലിക്കാൻ ആംഗ്യം കാണിച്ചു. കഅ്ബുബ്നു മാലികിന്റെ ശബ്ദം കേട്ട ഉടനെ മുപ്പതോളം വരുന്ന സ്വഹാബികൾ നബിയുടെ ചുറ്റും ഒരുമിച്ചുകൂടി. ജീവനോടെ നബിയെ കണ്ടപ്പോൾ അവർ എല്ലാവരും ഏറെ സന്തോഷിച്ചു. ഇതുവരെ ബാധിച്ച ഒരു പ്രയാസവും പ്രയാസമല്ല എന്നു പോലും അവർക്ക് തോന്നി പോയി.

നബിﷺ തന്റെ ചുറ്റുമുള്ളവരോട് ഉഹ്ദിന്റെ ഭാഗത്തേക്ക് നീങ്ങാൻ പറഞ്ഞു. ഉഹ്ദിന്റെ താഴ്‌വരയിലുള്ള വലിയ ഒരു പാറക്കല്ലിൽ കയറാൻ നബിﷺ ശ്രമിച്ചപ്പോൾ നബിക്ക് ബാധിച്ച ദുർബലത കൊണ്ട് അതിനു സാധിച്ചില്ല. നബിയുടെ ശരീരത്തിൽനിന്ന് ഒഴുകിവന്ന രക്തത്തിന്റെ ആധിക്യവും പാറപ്പുറത്ത് കയറാൻ തടസ്സമായി മാറി. ഈ സന്ദർഭത്തിൽ ത്വൽഹത്ബ്നു ഉബൈദില്ല മുട്ടുകുത്തി നിൽക്കുകയും നബിﷺ അദ്ദേഹത്തിന്റെ പുറത്തു ചവിട്ടി

ക്കയറി പാറപ്പുറത്ത് കയറിയിരിക്കുകയും ചെയ്തു. ഉടനെ നബിﷺ പറഞ്ഞു: “നിർബന്ധമായിരിക്കുന്നു (സ്വർഗം)” (അഹ്മദ് 1417).

എവിടെയാണ് മുഹമ്മദ് എന്ന് ചോദിച്ചു നടക്കുന്ന ഉബയ്യുബ്നു ഖലഫ് താഴ്‌വരയിലിരിക്കുന്ന നബിയെ കണ്ടു. ‘നീ ഇപ്പോൾ രക്ഷപ്പെട്ടാലും രക്ഷപ്പെട്ടിട്ടില്ല’ എന്ന് അയാൾ പറഞ്ഞു കൊണ്ടിരിക്കുന്നുണ്ടായിരുന്നു. സഹാബികൾ ചോദിച്ചു: ‘അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങളിൽ ആരെങ്കിലും ഇയാളോട് കരുണ കാണിക്കണോ?’ നബിﷺ പറഞ്ഞു: ‘അയാളെ അയാളുടെ പാട്ടിനു വിട്ടേക്ക്.’ സ്വഹാബികൾ അപ്രകാരം തന്നെ ചെയ്തു. എന്നാൽ അയാൾ നബിയുടെ അരികിലേക്ക് വന്നപ്പോൾ നബിﷺ അദ്ദേഹത്തിന്റെ കഴുത്തിൽ ഒരു കുത്ത് കൊടുത്തു. ഇതിന്റെ ഫലമായി പല തവണ തന്റെ കുതിരപ്പുറത്തു നിന്നു അയാൾ വീണിട്ടുണ്ട്. മക്കയിലേക്ക് മടങ്ങുന്ന വഴിയിൽ സരിഫ് എന്ന സ്ഥലത്തുവെച്ച് അല്ലാഹുവിന്റെ ആ ശത്രു മരിക്കുകയും ചെയ്തു (ഹാകിം: 3316).


നബിﷺ താഴ്‌വരയിൽ ഇരുന്നപ്പോഴായിരുന്നു ശത്രുക്കൾ അവസാനമായി മുസ്‌ലിംകൾക്കെതിരെ ഏറ്റുമുട്ടലിനിറങ്ങിയത്. അതായത്, മുശ്‌രിക്കുകളിൽ ചില ആളുകൾ തങ്ങളുടെ കുതിരപ്പടയുമായി മലമുകളിൽ കയറി. അബൂസുഫ്‌യാനും ഖാലിദുബ്നുൽ വലീദുമായിരുന്നു അവർക്ക് നേതൃത്വം കൊടുത്തിരുന്നത്. മുസ്‌ലിംകളെ കീഴടക്കുക എന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം. ഈ സന്ദർഭത്തിൽ നബിﷺ പറയുകയുണ്ടായി: ‘അവർക്ക് നമ്മളെക്കാൾ ഒരിക്കലും ഉയരാൻ കഴിയുകയില്ല’ (അഹ്മദ്: 2609).

ഏതായാലും സ്വഹാബികൾ മുശ്‌രിക്കുകൾക്ക് നേരെ തിരിഞ്ഞ് അവരോടു യുദ്ധം ചെയ്യുകയും അവരെ കല്ലെടുത്ത് എറിയുകയും ചെയ്തു. അങ്ങിനെ മല മുകളിൽ നിന്നും താഴെ ഇറക്കി. ശേഷം അല്ലാഹു വിശ്വാസികൾക്ക് ഒരു മയക്കം നൽകി. അവർ ഏറ്റവും കൂടുതലായി പേടിച്ചു നിൽക്കുന്ന ഒരു സമയത്തായിരുന്നു അത്. ഈ മയക്കം മുസ്‌ലിംകൾക്ക് ഒരു ആശ്വാസമായിരുന്നു.‘പിന്നീട് ആ ദുഃഖത്തിനു ശേഷം അല്ലാഹു നിങ്ങൾക്കൊരു നിർഭയത്വം അഥവാ മയക്കം ഇറക്കിത്തന്നു...’ (ക്വുർആൻ 3:154).

അബൂത്വൽഹؓ പറയുന്നു: ‘ഉഹ്ദിന്റെ ദിവസം മയക്കം (ഉറക്കം) പിടിപെട്ട ആളുകളിൽ ഞാനുമുണ്ടായിരുന്നു. എന്റെ കയ്യിൽ നിന്ന് പല തവണ വാൾ താഴെ വീഴുകയും ഞാൻ അതെടുക്കുകയും വീണ്ടും വീഴുകയും എടുക്കുകയും ചെയ്തിട്ടുണ്ട്’ (ബുഖാരി: 4068).

എന്നാൽ കപടവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവർക്ക് അവരുടെ സ്വന്തം കാര്യമല്ലാതെ മറ്റൊരു ചിന്തയുമുണ്ടായിരുന്നില്ല എന്നും 3:154ൽ അല്ലാഹു വ്യക്തമാക്കുന്നുണ്ട്.

യുദ്ധരംഗം ശാന്തമാവുകയും മുശ്‌രിക്കുകൾ മക്കയിലേക്ക് മടങ്ങിപ്പോവുകയും ചെയ്തപ്പോൾ സ്വഹാബികൾ നബിക്കു ബാധിച്ച മുറിവുകൾ ചികിത്സിക്കാൻ തുടങ്ങി. നബിയെ ചികിത്സിക്കുന്ന സ്വഹാബികളെ സഹായിക്കുന്നതിനു വേണ്ടി മദീനയിൽ നിന്നും അവരുടെ ഭാര്യമാരും ഇറങ്ങിവന്നു. ഫാത്വിമؓ ഇക്കൂട്ടത്തിൽ വന്ന മഹതിയായിരുന്നു. നബിയെ കണ്ട ഉടനെ മകൾ ഫാത്വിമ കെട്ടിപ്പിടിച്ചു. നബിയുടെ ശരീരത്തിലെ മുറിവുകൾ വെള്ളം കൊണ്ട് അവർ കഴുകാൻ തുടങ്ങിയപ്പോൾ രക്തം കൂടുതലായി വരാൻ തുടങ്ങി. സഹ്‌ലുബ്നു സഅ്ദ്ؓ പറയുകയാണ്: ‘ഉഹ്ദ് യുദ്ധ ദിവസം പ്രവാചകന്റെ മുഖത്ത് മുറിവേറ്റു. അവിടത്തെ അണപ്പല്ല് പൊട്ടി. പടത്തൊപ്പിയുടെ ആണി അവിടത്തെ തലയിൽ തറച്ചു. ഫാത്വിമയായിരുന്നു പ്രവാചകന്റെ ശരീരത്തിൽ നിന്നും രക്തം കഴുകിക്കൊടുത്തത്. അലിؓ വെള്ളം ഒഴിച്ചു കൊടുക്കുകയും ചെയ്തു. വെള്ളം ഒഴിക്കും തോറും രക്തം കൂടുതലായി വരുന്നത് കണ്ടപ്പോൾ ഫാത്വിമؓ ഈന്തപ്പനയുടെ പട്ട കരിച്ച വെണ്ണീർ നബിയു





ചെയ്തു. അങ്ങനെയാണ് ഹിന്ദ് ബിൻതു ഉത്ബ ഹംസؓയുടെ കരൾ പറിച്ചെടുത്തത്. അബ്ദുല്ലാഹിബിനു അംറിؓന്റെ ചെവി മുറിച്ചെടുത്തത്. അബ്ദുല്ലാഹിബ്നു ജഹ്ശിؓന്റെ ചെവിയും മൂക്കും അവർ മുറിച്ചത്. ഹൻളലതുബ്നു അബീ ആമിറിؓനെ മാത്രം അവർ ഒന്നും ചെയ്തില്ല. കാരണം അദ്ദേഹത്തിന്റെ പിതാവ് മുശ്‌രിക്കുകളോടൊപ്പമായിരുന്നു.

ടെ മുറിയിൽ വെച്ച് കൊടുത്തു. ശേഷം ആ മുറി കെട്ടിക്കൊടുക്കുകയും ചെയ്തു. അങ്ങനെ രക്തം നിന്നു'(ബുഖാരി: 4075, മുസ്‌ലിം: 1790).

അനസ്ؓ പറയുകയാണ്: 'ഉഹ്ദ് യുദ്ധ ദിവസം നബിﷺയുടെ അണപ്പല്ല് പൊട്ടുകയും തലയിൽ മുറിവേൽക്കുകയും ചെയ്തപ്പോൾ രക്തം തുടച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു: 'തങ്ങളുടെ പ്രവാചകന്റെ അണപ്പല്ല് പൊട്ടിക്കുകയും മുറിവേൽപിക്കുകയും ചെയ്ത ഒരു സമൂഹം എങ്ങനെ വിജയിക്കാനാണ്? അങ്ങനെ അല്ലാഹു ഈ വചനം അവതരിപ്പിച്ചു: "(നബിയേ,) കാര്യത്തിന്റെ തീരുമാനത്തിൽ നിനക്ക് യാതൊരു അവകാശവുമില്ല. അവൻ (അല്ലാഹു) ഒന്നുകിൽ അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാം. അല്ലെങ്കിൽ അവൻ അവരെ ശിക്ഷിച്ചേക്കാം. തീർച്ചയായും അവർ അക്രമികളാകുന്നു (ആലുഇംറാൻ: 128)" (മുസ്‌ലിം: 1791).

നബിയെ ആക്രമിക്കുവാനും കൊലപ്പെടുത്തുവാനും സാധിക്കുന്നില്ല എന്ന് കണ്ട മുശ്‌രിക്കുകൾ മക്കയിലേക്ക് മടങ്ങിപ്പോകുമ്പോൾ മരിച്ചു കിടക്കുന്ന സ്വഹാബികളുടെ ശരീരം വികൃതമാക്കുകയും കാതും മൂക്കും മുറിക്കുകയും വയറുകൾ കുത്തിക്കീറുകയും

മുശ്‌രിക്കുകൾ പിരിഞ്ഞു പോകുവാൻ ഒരുങ്ങിയപ്പോൾ അബൂസുഫ്‌യാൻ മലമുകളിൽ കയറി. എന്നിട്ട് മുസ്‌ലിംകളോടായി ഇപ്രകാരം വിളിച്ചു പറഞ്ഞു: 'എവിടെയാണ് നിങ്ങളുടെ കൂട്ടത്തിലെ മുഹമ്മദ്?' മൂന്ന് തവണ ഇത് ആവർത്തിച്ചു ചോദിച്ചു. എന്നാൽ അതിനു മറുപടി പറയാൻ നബിﷺ മുസ്‌ലിംകളെ സമ്മതിച്ചില്ല. ശേഷം അബൂസുഫ്‌യാൻ ഇപ്രകാരം വിളിച്ചു പറഞ്ഞു: 'എവിടെപ്പോയി അബൂഖുഹാഫയുടെ മകൻ?' മൂന്നു തവണ ഇത് ആവർത്തിച്ച ശേഷം ചോദിച്ചു: 'എവിടെപ്പോയി ഉമറുബ്നുൽ ഖത്ത്വാബ്?' ഇതും മൂന്നു തവണ ആവർത്തിച്ച ശേഷം തന്റെ ജനതയിലേക്ക് മലമുകളിൽ നിന്നും ഇറങ്ങിച്ചെന്ന് കൊണ്ട് പറഞ്ഞു: 'അവരൊക്കെ കൊല്ലപ്പെട്ടിരിക്കുന്നു.' അബൂസുഫ്‌യാന്റെ ഈ സംസാരം കേട്ടപ്പോൾ ഉമർؓവിന് സ്വന്തത്തെ നിയന്ത്രിക്കാൻ സാധിച്ചില്ല. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ് സത്യം; അല്ലയോ അല്ലാഹുവിന്റെ ശത്രുവേ, നീ പറഞ്ഞത് കളവാണ്. നീ എണ്ണിപ്പറഞ്ഞവരൊക്കെ ഇവിടെ ജീവിച്ചിരിപ്പുണ്ട്. നിന്നെ വേദനിപ്പിക്കുന്ന പലതും ഇനി ബാക്കിയുണ്ട്.' അബൂസുഫ്‌യാൻ പറഞ്ഞു: 'ഇത് ബദ്റിന് പകരമാണ്. യുദ്ധം ഇനിയും തുടർന്നുകൊണ്ടിരിക്കും. ഛിന്നഭിന്നമാക്കപ്പെട്ട മൃതദേഹങ്ങൾ ഇനിയും നിങ്ങൾ കാണും. അത് ഞാൻ കൽപിച്ചതല്ല. അതുകൊണ്ട് അതിൽ എന്നെ ദോഷം പറയരുത്. ശേഷം ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു: 'ഹുബ്ൽ(വിഗ്രഹം) നീണാൾ വാഴട്ടെ. ഹുബ്ൽ നീണാൾ വാഴട്ടെ.' ഇതു കേട്ടപ്പോൾ നബിﷺ പറഞ്ഞു: 'ഇപ്പോൾ കൊടുക്കൂ അബൂസുഫിയാന് മറുപടി.' സ്വഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, എന്താണ് ഞ

ങ്ങൾ മറുപടിയായി പറയേണ്ടത്?' നബിﷺ പറഞ്ഞു: 'അല്ലാഹുവാണ് ഏറ്റവും ഉയർന്നവനും ഉന്നതനായിട്ടുള്ളവനും എന്നു നിങ്ങൾ മറുപടി പറയുക.' അബൂസുഫ്‌യാൻ പറഞ്ഞു: 'ഞങ്ങൾക്ക് ഉസ്സയുണ്ട്, നിങ്ങൾക്ക് ഉസ്സയില്ല.' നബിﷺ പറഞ്ഞു: 'കൊടുക്കൂ അബൂസുഫിയാന് മറുപടി.' സ്വഹാബത്ത് ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, എന്താണ് ഞങ്ങൾ പറയേണ്ടത്?' നബിﷺ പറഞ്ഞു: 'അല്ലാഹുവാണ് ഞങ്ങളുടെ മൗല(യജമാനൻ). നിങ്ങൾക്ക് മൗലയില്ല' (ബുഖാരി: 3039).

അബൂസുഫ്‌യാൻ തന്റെ കൂടെയുള്ള ആളുകളെയും കൊണ്ട് പിരിഞ്ഞു പോകുമ്പോൾ മുസ്‌ലിംകളെ വിളിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു: 'ഒരു വർഷത്തിനുള്ളിൽ ബദ്‌റിൽ വെച്ച് നമുക്ക് വീണ്ടും കാണാം. അവിടെ വെച്ചാണ് ഞങ്ങളുടെ ആളുകളെ നിങ്ങൾ കൊന്നത്.' അപ്പോൾ ഉമറുബ്നുൽ ഖത്ത്വാബിനോട് നബിﷺ പറഞ്ഞു: 'ഉമറേ പറയൂ: ഇൻശാ അല്ലാഹ്. അതെ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിലുള്ള വാഗ്ദത്ത സമയമാകുന്നു അത് എന്ന്.' ഇതോടെ ജനങ്ങളെല്ലാം പിരിഞ്ഞുപോയി (നസാഈ 11017).

മുശ്‌രിക്കുകൾ മടങ്ങിപ്പോയപ്പോൾ അലിയ്യുബ്നു അബീത്വാലിബിനെ നബിﷺ അവരുടെ പിറകെ പറഞ്ഞയച്ചു കൊണ്ട് പറഞ്ഞു: 'അവരുടെ പിറകെ ചെല്ലണം. അവർ എന്താണ് ചെയ്യുന്നതെന്നും അവർ എന്താണ് ഉദ്ദേശിക്കുന്നത് എന്നും നിരീക്ഷിക്കണം. അവർ കുതിരകളുടെ കൂടെ നടക്കുകയും ഒട്ടകത്തെ തെളിച്ചുകൊണ്ടു പോകുകയും ചെയ്യുകയാണ് എങ്കിൽ അവർ ഉദ്ദേശിക്കുന്നത് മക്കയാണ്. മറിച്ച് അവർ കുതിരപ്പുറത്ത് കയറിയാണ് യാത്ര ചെയ്യുന്നത് എങ്കിൽ അവർ ഉദ്ദേശിക്കുന്നത് മദീനയാണ്. മദീനയെയെങ്ങാനുമാണ് അവർ ഉദ്ദേശിക്കുന്നത് എങ്കിൽ ഞാൻ അവരിലേക്ക് അങ്ങോട്ട് ചെല്ലുകയും അവരോട് യുദ്ധം ചെയ്യുകയും ചെയ്യും.' അലിؓ പറയുകയാണ്: 'അവർ എന്ത് ചെയ്യുന്നു എന്ന് അറിയാൻ വേണ്ടി ഞാൻ അവരുടെ പിറകെ ചെന്നു. അപ്പോൾ അവർ മക്കയിലേക്ക് മടങ്ങുകയായിരുന്നു.' അലിؓ നബിﷺയുടെ അടുക്കലേക്ക് തിരിച്ചുവരികയും അവർ മക്കയിലേക്ക് പോയി എന്നുള്ള വാർത്ത അറിയിക്കുകയും ചെയ്തു" (സീറതു ഇബ്നു ഹിശാം: 3/105).

മുശ്‌രിക്കുകൾ മക്കയിലേക്ക് പോയ വാർത്ത അറിഞ്ഞപ്പോൾ മുസ്‌ലിംകൾക്ക് സന്തോഷമായി. തങ്ങളുടെ കൂട്ടത്തിൽ നിന്ന് മുറിവേറ്റവരെയും കൊല്ലപ്പെട്ടവരെയും അന്വേഷിച്ച് അവർ ഇറങ്ങി. നബി തന്റെ പിതൃവ്യൻ ഹംസയെ അന്വേഷിച്ചുകൊണ്ടാണ് പോയത്. ശരീരം വികൃതമാക്കപ്പെട്ട നിലയിൽ ഹംസؓയെ നബിﷺ കണ്ടു. അദ്ദേഹത്തിന്റെ മൂക്കും കാതും മുറിച്ചെടുക്കപ്പെട്ട അവസ്ഥയിലായിരുന്നു. ഇതു കണ്ടപ്പോൾ നബിﷺ പറയുകയുണ്ടായി: 'സ്വഫിയ്യക്ക് വിഷമം ഇല്ലായിരുന്നുവെങ്കിൽ പക്ഷികളുടെയും മൃഗങ്ങളുടെയും വയറ്റിൽ നിന്ന് അല്ലാഹു ഹംസയെ ഒരുമിച്ചു കൂട്ടുന്നതുവരെ ഞാൻ ഇവിടെ വിട്ടേക്കുമായിരുന്നു' (അഹ്മദ്: 12300).

ഹംസؓ കൊല്ലപ്പെട്ട വിവരം അറിഞ്ഞ സ്വഫിയ്യؓ ഉഹ്ദിലേക്ക് വന്നു. അലിؓയെയും സുബൈറിؓനെയും അവർ കണ്ടു. അലിؓ സുബൈറിؓനോട് പറഞ്ഞു: 'നിങ്ങളുടെ ഉമ്മയോട് കാര്യങ്ങൾ പറയുക.' അപ്പോൾ സുബൈർؓ അലിؓയോട് പറഞ്ഞു: 'ഇല്ല, നിങ്ങൾ തന്നെ നിങ്ങളുടെ അമ്മായിയോട് കാര്യങ്ങൾ പറയുക.' അപ്പോൾ സ്വഫിയ്യؓ ചോദിച്ചു: 'എന്താണ് ഹംസക്ക് സംഭവിച്ചത്?' ഞങ്ങൾക്ക് അറിയില്ല എന്ന രൂപത്തിൽ അവർ കാണിച്ചു കൊടുത്തു. നബിﷺ അവിടേക്ക് കടന്നു വന്നു. എന്നിട്ട് പറഞ്ഞു: 'അവർക്ക് മാനസികമായി എന്തെങ്കിലും സംഭവിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു.' നബിﷺ അവരെ ആശ്വസിപ്പിച്ചു. എന്നിട്ട് പ്രാർഥിക്കുകയും ചെയ്തു. സ്വഫിയ്യؓ ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ എന്ന് പറയുകയും കരയുകയും ചെയ്തു (ഹാകിം: 4947).

ഛിന്നഭിന്നമാക്കപ്പെട്ട ശരീരങ്ങൾ കണ്ടപ്പോൾ മുസ്‌ലിംകൾക്ക് ദേഷ്യം വന്നു. അവർ ഇപ്രകാരം പറഞ്ഞു: 'മുശ്‌രിക്കുകൾക്കെതിരെ അല്ലാഹു ഞങ്ങൾക്ക് ഒരു വിജയം തന്നാൽ അവരുടെ ശരീരവും ഇതേ പോലെ ഞങ്ങൾ വികൃതമാക്കും. ഇതിന്റെ പലിശയും കൂട്ടി ഞങ്ങൾ പ്രതികാര നടപടി എടുക്കും.' അപ്പോൾ അല്ലാഹു ഈ ആയത്ത് അവതരിപ്പിച്ചു:

"നിങ്ങൾ ശിക്ഷാനടപടി സ്വീകരിക്കുകയാണെങ്കിൽ (എതിരാളികളിൽ നിന്ന്) നിങ്ങളുടെ നേരെയുണ്ടായ ശിക്ഷാനടപടിക്ക് തുല്യമായ നടപടി നിങ്ങൾ സ്വീകരിച്ച് കൊള്ളുക. നിങ്ങൾ ക്ഷമിക്കുകയാണെങ്കിലോ അതു തന്നെയാണ് ക്ഷമാശീലർക്ക് കൂടുതൽ ഉത്തമം" (ക്വുർആൻ 16:126).

അപ്പോൾ നബിﷺ പറഞ്ഞു: 'ഞങ്ങൾ ശിക്ഷാ നടപടി എടുക്കുകയില്ല' (അഹ്മദ്: 21229). ●

ഡോ. ജൗസൽ
jauzalcp@gmail.com

**വിവാഹിതരാകുന്നതിന് ഇസ്‌ലാം പ്രത്യേക പ്രായം നിശ്ചയിച്ചിട്ടില്ല. പക്വതയെത്തിയ ആണിനും പെണ്ണിനും നിയതമായ മാർഗത്തിലൂടെ ഒന്നാവാൻ ഇസ്‌ലാമിക നിയമങ്ങൾ തടസ്സവുമല്ല. എന്നാൽ കടുംബമെന്ന സങ്കൽപം തന്നെ നിരാകരിക്കുന്ന ദർശനത്തിന്റെ വക്താക്കൾ ഇസ്‌ലാമിക വൈവാഹിക മൂല്യങ്ങൾക്കെതിരെ ശബ്ദമുയർത്തുന്നത് പതിവാണ്. വിവാഹപ്രായവുമായി ബന്ധപ്പെട്ട മതത്തിന്റെ നിലപാടെന്താണ്? അത് എത്രത്തോളം ശാസ്ത്രീയമാണ്?**

# വിവാഹപ്രായം: മഞ്ഞക്കണ്ണടവെച്ച വിമർശകർ

ഇസ്‌ലാമിക നിയമങ്ങൾ കാലാതിവർത്തിയാണ് എന്നതിനുള്ള തെളിവാണ് വിവാഹത്തിന് ഇസ്‌ലാമിൽ ഒരു നിശ്ചിത പ്രായം നിശ്ചയിച്ചിട്ടില്ല എന്നുള്ളത്. ഓരോ നാട്ടിലെയും സാമൂഹിക സാഹചര്യങ്ങളനുസരിച്ച് എന്താണോ നാട്ടിൽ പൊതുവായി നടക്കുന്ന സമ്പ്രദായം അത് ധാർമികമൂല്യങ്ങൾക്ക് വിരുദ്ധമല്ലെങ്കിൽ പിന്തുടരാൻ മുസ്‌ലിംകൾക്ക് അനുവാദമുണ്ട്.

മുഹമ്മദ് നബിﷺ മതത്തിന്റേതായി പഠിപ്പിച്ച കാര്യങ്ങളിൽ നിർബന്ധമായവയും (ഫർദ്) ഐച്ഛികമായയയും (സുന്നത്ത്) ഉണ്ട്. അവയെ അങ്ങനെത്തന്നെ കാണുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുവാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. അവ അനുഷ്ഠിക്കുവാൻ നിയതമായ സമയവും ദിവസവും രൂപവുമൊക്കെ പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.



എന്നാൽ മറ്റു ജീവിത വ്യവഹാരങ്ങൾ അങ്ങനെയല്ല. അവയിൽ നമുക്ക് നമ്മുടെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഇടപെടാൻ സ്വാതന്ത്ര്യമുണ്ട്.

ഉദാഹരണം പറയാം: മുഹമ്മദ് നബിﷺയുടെ കാലത്ത് അദ്ദേഹം ഒട്ടകപ്പുറത്തും കുതിരപ്പുറത്തും ഒക്കെയായിരുന്നു സഞ്ചരിച്ചിരുന്നത്. അതുകൊണ്ട് ഇന്നത്തെ കാലത്തും മുസ്‌ലിംകൾ ഒട്ടകപ്പുറത്തും കുതിരപ്പുറത്തും മാത്രമെ സഞ്ചരിക്കാൻ പാടുള്ളൂ എന്നില്ല. പ്രവാചകന്റെ ഭക്ഷണം ഈത്തപ്പഴം, ബാർലി, ഒട്ടകപ്പാൽ, ഒട്ടകത്തിന്റെ ഇറച്ചി പോലുള്ളവയായിരുന്നു. അതുകൊണ്ട് മുസ്‌ലിംകൾ ഇതൊക്കെയാണ് കഴിക്കേണ്ടത്; ചോറും കറിയും പൊറോട്ടയും മീനുമൊന്നും കഴിച്ചുകൂടാ എന്നുമില്ല. അനുവദനീയമായ (ഹലാൽ) ഏതു ഭക്ഷണവും കഴിക്കാം എന്നുള്ളതാണ് ഇസ്‌ലാമിന്റെ നിലപാട്.

പ്രവാചകന്റെ വീട് ഈത്തപ്പനയോല കൊണ്ട് മേഞ്ഞ ഒരു ചെറിയ കുടിലായിരുന്നു, ഉറങ്ങിയിരുന്നത് ഈത്തപ്പനയുടെ ഓല കൊണ്ട് മെടഞ്ഞ പായയിൽ ആയിരുന്നു. അതിനാൽ മുസ്‌ലിംകൾ ആധുനിക കോൺക്രീറ്റ് വീടുകളിൽ താമസിക്കാൻ പാടില്ല; നല്ല മെത്തയിൽ കിടന്നുറങ്ങരുത് എന്നോ മതം പഠിപ്പിക്കുന്നില്ല. ഇതിലെല്ലാം കാലത്തിന്റെയും ദേശത്തിന്റെയും മാറ്റത്തിനനുസരിച്ചും പുതിയ കണ്ടെത്തലുകൾ ഉപയോഗപ്പെടുത്തിയും അവനവന് ഇഷ്ടമുള്ളത് സ്വീകരിക്കാവുന്നതാണ്. എന്നാൽ മതത്തിന്റെ കാര്യമായിക്കൊണ്ട് ഇസ്‌ലാം എന്ത് പഠിപ്പിച്ചുതന്നുവോ അത് അങ്ങനെത്തന്നെ പിന്തുടരൽ മുസ്‌ലിംകളുടെ ബാധ്യതയുമാണ്.

പ്രവാചകൻﷺ 65 വയസ്സുകാരിയും വിധവയുമായ സൗദ‍(റ)യെ വിവാഹം കഴിച്ചിട്ടുണ്ട്; അതുകൊണ്ട് മുസ്‌ലിംകൾ 65 വയസ്സുകാരിയെ വിവാഹം ചെയ്യണം എന്നോ ഒൻപത് വയസ്സുള്ള ആഇശ(റ)യെ വിവാഹം കഴിച്ചിട്ടുള്ളതിനാൽ എല്ലാ മുസ്‌ലിം പുരുഷന്മാരും ആ പ്രായത്തിലുള്ള പെൺകുട്ടികളെ വിവാഹം കഴിക്കണമെന്നോ ഇസ്‌ലാം നിയമമാക്കിയിട്ടില്ല. എന്നാൽ പ്രവാചകന്റെ വിവാഹങ്ങളുടെ പേരിൽ അദ്ദേഹത്തെ അവഹേളിക്കുവാൻ യുക്തിവാദികളും മറ്റു വിമർശകരും നിരന്തരം ശ്രമിച്ചികൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

കാലാതിവർത്തിയായ ഇസ്‌ലാം വിവാഹത്തിന് പ്രത്യേകിച്ച് പ്രായം നിശ്ചയിച്ചിട്ടില്ല. ഏഴാം നൂറ്റാണ്ടിലും പത്താം നൂറ്റാണ്ടിനും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും എല്ലാം ഇസ്‌ലാമിന്റെ ഈ ഒരു കാഴ്ചപ്പാട് പ്രായോഗികമായ ഒന്നാണെന്ന് കാലം തെളിയിച്ചിട്ടുണ്ട്; തെളിയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ലോകത്തെ വിവിധ രാജ്യങ്ങളിലെ ജനസമൂഹങ്ങളിൽ വിവാഹപ്രായം വ്യത്യസ്തമാണ്. 50-100 വർഷങ്ങൾക്ക് മുമ്പ് വരെ ലോകത്തുള്ള പല സമൂഹങ്ങളിലും ശരാശരി വിവാഹ പ്രായം 10 വയസ്സ് ആയിരുന്നു. 1998ൽ UNICEF international cetnre for research on women ഇന്ത്യയിൽ നടത്തിയ സർവെയിൽ കണ്ടെത്തിയത് 47 ശതമാനം വിവാഹങ്ങളും ബാലവിവാഹം ആയിരുന്നു എന്നതാണ്. ഐക്യരാഷ്ട്ര സംഘടന 2005ൽ നടത്തിയ പഠനത്തിൽ ഇന്ത്യയിലെ ബാലവിവാഹം 30 ശതമാനമായി കുറഞ്ഞിട്ടുണ്ട് എന്നും കണ്ടെത്തി. 2001ലെ ഇന്ത്യൻ സെൻസസ് റിപ്പോർട്ട് അനുസരിച്ച് 14 ലക്ഷം പെൺകുട്ടികൾ



**ലോകത്തെ വിവിധ രാജ്യങ്ങളിലെ ജനസമൂഹങ്ങളിൽ വിവാഹപ്രായം വ്യത്യസ്തമാണ്. 50–100 വർഷങ്ങൾക്ക് മുമ്പ് വരെ ലോകത്തുള്ള പല സമൂഹങ്ങളിലും ശരാശരി വിവാഹ പ്രായം 10 വയസ്സ് ആയിരുന്നു. 1998ൽ UNICEF international cetnre for research on women ഇന്ത്യയിൽ നടത്തിയ സർവെയിൽ കണ്ടെത്തിയത് 47 ശതമാനം വിവാഹങ്ങളും ബാലവിവാഹം ആയിരുന്നു എന്നതാണ്. ഐക്യരാഷ്ട്ര സംഘടന 2005ൽ നടത്തിയ പഠനത്തിൽ ഇന്ത്യയിലെ ബാലവിവാഹം 30 ശതമാനമായി കുറഞ്ഞിട്ടുണ്ട് എന്നും കണ്ടെത്തി. 2001ലെ ഇന്ത്യൻ സെൻസസ് റിപ്പോർട്ട് അനുസരിച്ച് 14 ലക്ഷം പെൺകുട്ടികൾ വിവാഹിതരായത് 10 വയസ്സിനും 14 വയസ്സിനും ഇടയിലാണ് എന്നാണ്. 15 വയസ്സിനും 18 വയസ്സിനും ഇടയിൽ വിവാഹിതരായവർ 4 കോടി 63 ലക്ഷം പേരായിരുന്നു.**

വിവാഹിതരായത് 10 വയസ്സിനും 14 വയസ്സിനും ഇടയിലാണ് എന്നാണ്. 15 വയസ്സിനും 18 വയസ്സിനും ഇടയിൽ വിവാഹിതരായവർ 4 കോടി 63 ലക്ഷം പേരായിരുന്നു.

നമ്മുടെ നാട്ടിലെ പലരും ധരിച്ചു വെച്ചിരിക്കുന്നത് ലോകവ്യാപകമായി 18 വയസ്സ് സ്ത്രീകൾക്കും 21 വയസ്സും പുരുഷന്മാർക്കും എന്നതാണ് വിവാഹത്തിന്റെ മിനിമം പ്രായമായി നിശ്ചയിച്ചിരിക്കുന്നത് എന്നാണ്. മറ്റു ചിലരുടെ ധാരണ ചില 'അപരിഷ്‌കൃത അറബ് രാജ്യങ്ങളിൽ' മാത്രം വിവാഹ പ്രായം 18 നും താഴെയാണ്; പരിഷ്‌കൃതരാജ്യങ്ങളിലെല്ലാം 18 വയസ്സിന് മുകളിലാണ് എന്നൊക്കെയാണ്. എന്താണ് യാഥാർഥ്യം എന്ന് പരിശോധിക്കാം.

ലോകത്തെ ഏറ്റവും വികസിത രാജ്യമായി പരിഗണിക്കപ്പെടുന്ന അമേരിക്കയിലെ സ്ഥിതി നമുക്ക് പരിശോധിക്കാം. 2019 സെപ്റ്റംബറിലെ കണക്കെടുത്താൽ അമേരിക്കയിലെ 13 സ്‌റ്റേറ്റുകളിൽ ഔദ്യോഗികമായി കുറഞ്ഞ വിവാഹപ്രായം നിശ്ചയിച്ചിട്ടില്ല. ഔദ്യോഗികമായി നിശ്ചയിച്ചിട്ടില്ലെങ്കിലും പെൺകുട്ടിക്ക് 12 വയസ്സും ആൺകുട്ടിക്ക് 14 വയസ്സും ആണ് കുറഞ്ഞ വിവാഹ പ്രായം എന്ന് പൊതുവെ നിയമ വൃത്തങ്ങളിൽ കരുതപ്പെടുന്നു. എന്നാൽ ഇതിൽ കുറഞ്ഞ പ്രായം ആണെങ്കിലും നിയമപരമായി പ്രശ്‌നങ്ങളില്ല.

**മാറിയ സാഹചര്യങ്ങളിൽ നിന്ന് ചിന്തിക്കുമ്പോൾ മുൻഗാമികൾ ചെറിയ പെൺകുട്ടികളെ കല്യാണം കഴിച്ചു എന്നുള്ളത് നമുക്ക് വളരെ മോശം കാര്യമായി തോന്നാം. എന്നാൽ അന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ ഇത് വളരെ സാധാരണമായ കാര്യം മാത്രമായിരുന്നു. ഒമ്പതും പത്തും വയസ്സു മാത്രം പ്രായമുള്ള പെൺകുട്ടികളുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നത് ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് വളരെ മോശമായ കാര്യമായി മാത്രമെ തോന്നുകയുള്ളൂ. എന്നാൽ പണ്ട് അത് സമൂഹത്തിൽ വളരെ നോർമൽ ആയ, ജാതിമത ഭേദമില്ലാതെ എല്ലാവർക്കിടയിലും അംഗീകൃതമായ കാര്യം മാത്രം ആയിരുന്നു. 2007ൽ അമേരിക്കയിലെ ഹൈസ്‌കൂൾ വിദ്യാർഥികൾക്കിടയിൽ CDC നടത്തിയ പഠനത്തിൽ 48 ശതമാനം ഹൈസ്‌കൂൾ വിദ്യാർഥികളും ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിരുന്നതായി സമ്മതിച്ചു. 2017ൽ നടത്തിയ പുതിയ സർവേയിൽ ഇത് 40 ശതമാനമായി കുറഞ്ഞിട്ടുണ്ട്. വിവാഹപൂർവ ബന്ധങ്ങളുടെ കണക്കാണ് ഇത് എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.**

അലാസ്‌കയിലും നോർത്ത് കരോലിനയിലും കുറഞ്ഞ വിവാഹപ്രായമായി 14 വയസ്സ് നിശ്ചയിച്ചിട്ടുണ്ട്. അമേരിക്കയിലെ 19 സ്‌റ്റേറ്റുകളിൽ കുറഞ്ഞ വിവാഹപ്രായമായി 16 വയസ്സാണ് നിശ്ചയിച്ചിട്ടുള്ളത്. കഴിഞ്ഞ 15 വർഷങ്ങളിലെ രണ്ടുലക്ഷത്തിലധികം ശൈശവ വിവാഹങ്ങൾ അമേരിക്കയിൽ നടന്നിട്ടുണ്ടെന്നാണ് കണക്ക്.

അമേരിക്കയിലെ 48 സ്‌റ്റേറ്റുകളിലും ചില നിബന്ധനകളോടുകൂടി ഈ മിനിമം പ്രായത്തിലും താഴെയുള്ള വിവാഹങ്ങളും അനുവദനീയമാണ്. പെൺകുട്ടി ഗർഭിണിയാവുക, പ്രസവിക്കുക, മാതാപിതാക്കൾക്ക് വിവാഹത്തിന് സമ്മതം ഉണ്ടായിരിക്കുക ഇങ്ങനെയുള്ള അവസ്ഥകളിൽ ഇതിലും താഴെയുള്ള പ്രായങ്ങളിൽ (12 വയസ്സിനു താഴെ) പോലും അമേരിക്കയിൽ underage marriage നിയമപരമായി തന്നെ ഇന്നും അനുവദനീയമാണ്.

ഇന്നത്തെ നിലയനുസരിച്ച് അഥവാ 2019 സെപ്റ്റംബറിലെ അവസ്ഥ അനുസരിച്ച് ഇംഗ്ലണ്ടിലെ അംഗീകൃതമായ വിവാഹപ്രായം പുരുഷനും സ്ത്രീക്കും 16 വയസ്സാണ്.

ലോകത്ത് ഭൂരിപക്ഷം രാജ്യങ്ങളിലും വിവാഹത്തിനുള്ള ചുരുങ്ങിയ പ്രായം 14-16 വയസ്സാണ് എന്ന് കാണാനാകും. യൂറോപ്യൻ യൂണിയനിലെ മിക്ക രാജ്യങ്ങളിലെയും കുറഞ്ഞ വിവാഹപ്രായം പെൺകുട്ടിക്ക്16 വയസ്സും ആൺകുട്ടിക്ക് 18 വയസ്സുമാണ്. മിക്ക രാജ്യങ്ങളും നിബന്ധനകളോട് കൂടി ഇതിൽ താഴെ പ്രായമുള്ള ആളുകളുടെ വിവാഹങ്ങളും നിയമപരമായി അംഗീകരിക്കുന്നുണ്ട്

1880ൽ അമേരിക്കയിലെ ഭൂരിപക്ഷം സ്‌റ്റേറ്റുകളിലും പരസ്പര സമ്മതത്തോടെയുള്ള ലൈംഗിക ബന്ധത്തിനുള്ള മിനിമം പ്രായം പത്തു വയസ്സ് ആയിരുന്നു. Delaware സ്‌റ്റേറ്റിൽ ഇത് വെറും ഏഴ് വയസ്സായിരുന്നു!

ഇന്ത്യയിൽ ബാലികമാരെ വിവാഹം കഴിച്ച ചില പ്രശസ്ത വ്യക്തികളുടെ പേരും അവർ വിവാഹം കഴിക്കുമ്പോൾ അവരുടെ ഭാര്യമാരുടെ വയസ്സും താഴെ കൊടുക്കുന്നു:

മഹാത്മാഗാന്ധി കസ്തൂർബ ഗാന്ധിയെ വിവാഹം കഴിക്കുമ്പോൾ രണ്ടുപേർക്കും പ്രായം 13 വയസ്സ്.

ഇന്ത്യ കണ്ട ഏറ്റവും പ്രഗത്ഭ ഗണിതശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജൻ തന്റെ ഇരുപത്തിരണ്ടാം വയസ്സിൽ വിവാഹം കഴിക്കുമ്പോൾ ഭാര്യ ജാനകിയമ്മാൾക്ക് 10 വയസ്സായിരുന്നു പ്രായം. ഇ

**ഇന്ത്യ കണ്ട ഏറ്റവും പ്രഗത്ഭ ഗണിതശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജൻ തന്റെ ഇരുപത്തിരണ്ടാം വയസ്സിൽ വിവാഹം കഴിക്കുമ്പോൾ ഭാര്യ ജാനകിയമ്മാൾക്ക് 10 വയസ്സായിരുന്നു പ്രായം. ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭനായ ഭൗതികശാസ്ത്രജ്ഞൻ ആയിരുന്ന സത്യേന്ദ്രനാഥ് ബോസ് തന്റെ ഇരുപതാം വയസ്സിൽ 11 വയസ്സുകാരിയായ ഉഷാപതിയെ വിവാഹം കഴിച്ചു. ഇവർക്ക് 9 മക്കൾ ജനിച്ചു. ബോസ് ഐൻസ്റ്റീൻ സ്റ്റാറ്റിസ്റ്റിക്സിന്റെ ഉപജ്ഞാതാവായ ഈ മഹാ ശാസ്ത്രജ്ഞൻ ഇന്ത്യയുടെ സ്വകാര്യ അഹങ്കാരമാണ്. അദ്ദേഹത്തോടുള്ള ആദര സൂചകമായാണ് ബോസോൺ കണികകൾക്ക് ശാസ്ത്രലോകം ആ പേര് നൽകിയത്.**



ന്ത്യയിലെ ഏറ്റവും പ്രഗത്ഭനായ ഭൗതികശാസ്ത്രജ്ഞൻ ആയിരുന്ന സത്യേന്ദ്രനാഥ് ബോസ് തന്റെ ഇരുപതാം വയസ്സിൽ 11 വയസ്സുകാരിയായ ഉഷാപതിയെ വിവാഹം കഴിച്ചു. ഇവർക്ക് 9 മക്കൾ ജനിച്ചു. ബോസ് ഐൻസ്റ്റീൻ-സ്റ്റാറ്റിസ്റ്റിക്സിന്റെ ഉപജ്ഞാതാവായ ഈ മഹാ ശാസ്ത്രജ്ഞൻ ഇന്ത്യയുടെ സ്വകാര്യ അഹങ്കാരമാണ്. അദ്ദേഹത്തോടുള്ള ആദര സൂചകമായാണ് ബോസോൺ കണികകൾക്ക് ശാസ്ത്രലോകം ആ പേര് നൽകിയത്.

ഇന്ത്യയിലെ ഏറ്റവും പ്രസിദ്ധനായ ഹിന്ദുമത ആചാര്യനും യോഗിവര്യനുമായിരുന്ന ശ്രീരാമകൃഷ്ണ പരമഹംസൻ തന്റെ ഇരുപത്തി മൂന്നാം വയസ്സിൽ വെറും അഞ്ച് വയസ്സുകാരിയായ ശാരദ ബായിയെ വിവാഹം കഴിച്ചു. സ്വാമി വിവേകാനന്ദൻ ഇദ്ദേഹത്തിന്റെ ശിഷ്യനാണ്.

മലയാള മനോരമയുടെ സ്ഥാപകൻ മാമ്മൻ മാപ്പിളയുടെ മകൻ കെ.എം മാത്യുവിന്റെ 'എട്ടാം മോതിരം' വെളിപ്പെടുത്തുന്ന പ്രകാരം, മാമ്മൻ മാപ്പിള വിവാഹം ചെയ്തത് പത്തുവയസ്സുകാരിയെ ആയിരുന്നു. അവർ പതിനൊന്നാം വയസ്സിൽ പ്രസവിക്കുകയും ചെയ്തു

കേരള രാഷ്ട്രീയത്തിലെ അതികായൻ ആയ എ. കെ ഗോപാലൻ (AKG) അദ്ദേഹത്തിന്റെ രാഷ്ട്രീയ ഒളിവ് ജീവിതത്തിൽ ഒളിച്ചുതാമസിച്ചിരുന്ന വീട്ടിലെ 12 വയസ്സുകാരിയായ പെൺകുട്ടിയോട് തനിക്ക് തോന്നിയ പ്രണയത്തെപ്പറ്റി അദ്ദേഹത്തിന്റെ ജീവിതകഥയിൽ വിവരിക്കുന്നുണ്ട്.

എല്ലാ അർഥത്തിലും തമിഴ്നാട്ടിലെ അതികായനായ ദ്രാവിഡ മുന്നേറ്റ പ്രസ്ഥാനങ്ങളുടെയെല്ലാം ഉപജ്ഞാതാവായ, വലിയ സാമൂഹിക പരിഷ്കർത്താവായ തന്തൈ പെരിയാർ എന്നറിയപ്പെടുന്ന പെരിയാർ ഇ.വി രാമസ്വാമി 13 വയസ്സുകാരിയായ നാഗമ്മയെയാണ് വിവാഹം ചെയ്തത്. പെരിയാർ നാസ്തികനും യുക്തിവാദിയും സ്വതന്ത്ര ചിന്തകനും ആയിരുന്നു എന്നത് സ്മരണീയമാണ്

തിരുവിതാംകൂർ രാജ്ഞിയായിരുന്ന പാർവതീഭായി(സ്വാതി തിരുനാൾ മഹാരാജാവിന്റെ ഇളയമ്മ)യെ അവരുടെ പന്ത്രണ്ടാം വയസ്സിൽ കിളിമാനൂർ രാഘവർമ കോയിത്തമ്പുരാൻ വിവാഹം ചെയ്തു, പതിമൂന്നാം വയസ്സിൽ അവർ രാജ്യഭാരം എൽക്കുകയും ചെയ്തു.

മഹാകവി കുമാരനാശാൻ തന്റെ നൽപത്തിയഞ്ചാം വയസ്സിൽ ബാലികയായിരുന്ന ഭാനുമതിയെ വിവാഹം ചെയ്തു. 'മാതൃഭൂമി'യുടെ സ്ഥാപകനും കോൺഗ്രസ് നേതാവുമായിരുന്ന കേശവമേനോൻ ആദ്യ വിവാഹം ചെയ്യുന്നത് നാലാം ക്ലാസ്സിൽ പഠിക്കുകയായിരുന്ന ബാലികയെയായിരുന്നു.

**പലരും ധരിച്ചുവെച്ചിരിക്കുന്നത് ലോകവ്യാപകമായി 18 വയസ്സ് സ്ത്രീകൾക്കും 21 വയസ്സും പുരുഷന്മാർക്കും എന്നതാണ് വിവാഹത്തിന്റെ മിനിമം പ്രായമായി നിശ്ചയിച്ചിരിക്കുന്നത് എന്നാണ്. മറ്റു ചിലരുടെ ധാരണ ചില 'അപരിഷ്കൃത അറബ് രാജ്യങ്ങളിൽ' മാത്രം വിവാഹ പ്രായം 18 നും താഴെയാണ്; പരിഷ്കൃതരാജ്യങ്ങളിലെല്ലാം 18 വയസ്സിന് മുകളിലാണ് എന്നൊക്കെയാണ്. എന്താണ് യാഥാർഥ്യം? ലോകത്തെ ഏറ്റവും വികസിത രാജ്യമായി പരിഗണിക്കപ്പെടുന്ന അമേരിക്കയിലെ സ്ഥിതി നമുക്ക് പരിശോധിക്കാം. 2019 സെപ്റ്റംബറിലെ കണക്കെടുത്താൽ അമേരിക്കയിലെ 13 സ്റ്റേറ്റുകളിൽ ഔദ്യോഗികമായി കുറഞ്ഞ വിവാഹപ്രായം നിശ്ചയിച്ചിട്ടില്ല. ഔദ്യോഗികമായി നിശ്ചയിച്ചിട്ടില്ലെങ്കിലും പെൺകുട്ടിക്ക് 12 വയസ്സും ആൺകുട്ടിക്ക് 14 വയസ്സും ആണ് കുറഞ്ഞ വിവാഹ പ്രായം എന്ന് പൊതുവെ നിയമ വൃത്തങ്ങളിൽ കരുതപ്പെടുന്നു. എന്നാൽ ഇതിൽ കുറഞ്ഞ പ്രായം ആണെങ്കിലും നിയമപരമായി പ്രശ്നങ്ങളില്ല.**

ഝാൻസി റാണി ലക്ഷ്മിഭായി എന്നറിയപ്പെടുന്ന മനുകർണിക പതിമൂന്നു വയസ്സുള്ളപ്പോഴാണ് 45 വയസ്സുള്ള ഝാൻസിയിലെ രാജാവായിരുന്ന ഗംഗാധർ റാവുവിന്റെ രണ്ടാം ഭാര്യയായി ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്.

പ്രസിദ്ധ ആത്മജ്ഞാനിയും ബാല വിവാഹത്തിനെതിരെയും വിധവാ വിവാഹം പ്രോത്സാഹിപ്പിച്ചും സോഷ്യൽ കോൺഫറൻസ് മൂവ്മെന്റ് സ്ഥാപിച്ച സാമൂഹ്യ പരിഷ്കർത്താവും ഗ്രന്ഥകാരനുമായിരുന്ന മഹാദേവ് ഗോവിന്ദ റാനഡെ (മരണം: 1901) തന്റെ ആദ്യ പത്നി മരണപ്പെട്ടപ്പോൾ ഒരു വിധവയെ വിവാഹം ചെയ്യണമെന്ന ശിഷ്യന്മാരുടെ നിർദേശം അവഗണിച്ച് രണ്ടാം വിവാഹം ചെയ്തത് എട്ടു വയസ്സുകാരി രമാബായിയെയായിരുന്നു.

വനിതാ ക്ഷേമ പ്രവർത്തനങ്ങളിൽ പ്രശസ്തനായ മഹർഷി കർവെ എന്ന ഡോക്ടർ ധോണ്ഡോ കേശവ് കാർവെ(മരണം 1962)യുടെ ആദ്യ പത്നി ഒമ്പത് വയസ്സുകാരിയായിരുന്നു.

ഇനിയും ഒരുപാട് പ്രശസ്തർ ഇതുപോലെയുണ്ട്. ലിസ്റ്റ് നീണ്ടുപോകും എന്നുള്ളതുകൊണ്ട് നിർത്തുന്നു. ഇത് ഇന്ത്യക്കാരുടെ മാത്രം ലിസ്റ്റ് ആണ്. മറ്റു രാജ്യക്കാരുടെ ലിസ്റ്റ് എടുത്താൽ ഗ്രന്ഥങ്ങൾ തന്നെ വേണ്ടിവരും എഴുതിത്തീർക്കാൻ. ഇന്നും ഉത്തരേന്ത്യയിൽ പലയിടങ്ങളിലും ശൈശവ വിവാഹങ്ങൾ വ്യാപകമായിത്തന്നെ നടക്കുന്നുണ്ട്. കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ നമ്മുടെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിൽ വന്ന വലിയ അഭിവൃദ്ധിയുടെ ഫലമായി സംഭവിച്ച ഒരു കാര്യം മാത്രമാണ് വിവാഹപ്രായം ഉയർന്നു എന്നുള്ളത്.

മാറിയ സാഹചര്യങ്ങളിൽ നിന്ന് ചിന്തിക്കുമ്പോൾ ഈ ആളുകളൊക്കെ ചെറിയ പെൺകുട്ടികളെ കല്യാണം കഴിച്ചു എന്നുള്ളത് നമുക്ക് വളരെ മോശം കാര്യമായി തോന്നാം. എന്നാൽ അന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ ഇത് വളരെ സാധാരണമായ കാര്യം മാത്രമായിരുന്നു. ഒമ്പതും പത്തും വയസ്സു മാത്രം പ്രായമുള്ള പെൺകുട്ടികളുമായി ലൈംഗികബന്ധത്തിലേർപ്പടുന്നത് ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് വളരെ മോശമായ കാര്യമായി മാത്രമെ തോന്നുകയുള്ളൂ. എന്നാൽ പണ്ട് അത് സമൂഹത്തിൽ വളരെ നോർമൽ ആയ, ജാതിമത ഭേദമില്ലാതെ എല്ലാവർക്കിടയിലും അംഗീകൃതമായ കാര്യം മാത്രം ആയിരുന്നു.

2007ൽ അമേരിക്കയിലെ ഹൈസ്കൂൾ വിദ്യാർഥികൾക്കിടയിൽ CDC നടത്തിയ പഠനത്തിൽ 48 ശതമാനം ഹൈസ്കൂൾ വിദ്യാർഥികളും ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിരുന്നതായി സമ്മതിച്ചു. 2017ൽ നടത്തിയ പുതിയ സർവേയിൽ ഇത് 40 ശതമാനമായി കുറഞ്ഞിട്ടുണ്ട്. വിവാഹപൂർവ ബന്ധങ്ങളുടെ കണക്കാണ് ഇത് എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

ചുരുക്കിപ്പറഞ്ഞാൽ ഇസ്‌ലാം വിവാഹത്തിന് ഒരു പ്രത്യേക വയസ്സ് നിശ്ചയിച്ചിട്ടില്ല. സമൂഹത്തിൽ പൊതുവെ അംഗീകൃതമായ പ്രായങ്ങളിൽ വിവാഹം കഴിക്കാം. അതുകൊണ്ടുതന്നെ ഒരു മുസ്‌ലിമിന് ലോകത്തെ ഏതു രാജ്യത്തും അവിടെയുള്ള നിയമ പരിധിക്കുള്ളിൽ നിന്നുകൊണ്ട് വിവാഹം ചെയ്യുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല.

നേരത്തെ പറഞ്ഞ ആളുകളൊക്കെ ശൈശവ വിവാഹം നടത്തിയത് അടുത്തകാലത്താണ്. എന്നാൽ 1400 വർഷം മുമ്പാണ് മുഹമ്മദ് നബിﷺ 9 വയസ്സുള്ള ആഇശ(റ)യെ വിവാഹം കഴിച്ചത്. അന്നത്തെ സാമൂഹ്യസാഹചര്യത്തിൽ അത് സാർവത്രികമായിരുന്നു എന്നറിയുക. മാത്രമല്ല എന്നിട്ടും അതിന്റെ പേരിൽ ആ മഹാ വ്യക്തിത്വത്തെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നവരുടെ ലക്ഷ്യമെന്തായിരിക്കും? മുഹമ്മദ് നബിയുടെ വിവാഹം മാത്രമാണ് വിമർശിക്കപ്പെടേണ്ടത് എന്ന ചിന്ത കടുത്ത വിദ്വേഷത്തിൽ നിന്ന് ഉത്ഭവിക്കുന്നതാണെന്ന് വ്യക്തം.

മൂസ സ്വലാഹി, കാര
moosakara001@gmail.com

**അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 4**

**വിമർശനം**




# വെള്ളിയാഴ്ചയിലെ പ്രത്യേക സ്വലാത്ത്

**വെ**ള്ളിയാഴ്ചയുടെ പ്രത്യേകതകളായി പ്രമാണങ്ങൾ പഠിപ്പിച്ച കുറെ കാര്യങ്ങളുണ്ട്. നബിﷺ യുടെ മേൽ സ്വലാത്ത് അധികരിപ്പിക്കുക എന്നത് അതിൽ പെട്ടതാണ്.

അനസ്ؓവിൽ നിന്ന്; നബിﷺ പറഞ്ഞു: "വെള്ളിയാഴ്ചയുടെ രാവിലും വെള്ളിയാഴ്ച ദിവസവും എന്റെ മേൽ നിങ്ങൾ സ്വലാത്ത് അധികരിപ്പിക്കുക. ആരാണോ എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയത് അല്ലാഹു അവന് പത്ത് സ്വലാത്തിനെ കണക്കാക്കും" (ബൈഹക്വി).

ഔസ്ബ്നു ഔസ്ؓവിൽ നിന്ന്; നബിﷺ പറഞ്ഞു: "ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ദിവസം വെള്ളിയാഴ്ചയാണ്. അതിനാൽ അന്നേദിവസം എന്റെമേൽ നിങ്ങൾ സ്വലാത്ത് അധികരിപ്പിക്കുക. നിങ്ങളുടെ സ്വലാത്ത് എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നതാണ്"(അബൂദാവൂദ്).

എന്നാൽ ഈ ദിവസം സ്വലാത്തിനായി പ്രത്യേക സമയമോ എണ്ണമോ സ്ഥലമോ നിശ്ചയിക്കേണ്ടതില്ല. എന്നും പുത്തനാചാരങ്ങളോട് അങ്ങേയറ്റത്തെ സ്നേഹം വച്ചുപുലർത്തുന്ന ശിയാഇസത്തിന്റെ പ്രചാരകരായ സമസ്തക്കാർ ഇല്ലാത്ത പോരിശകളും വേണ്ടാത്ത രൂപങ്ങളും കാലങ്ങളായി സ്വലാത്തിന് നൽകിപ്പോരുന്നു.

2019 സെപ്തംബർ ആദ്യലക്കം 'സുന്നിവോയ്സി'ൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: "വെള്ളിയാഴ്ച ദിവസത്തിൽ എന്റെ മേൽ 80 സ്വലാത്ത് ചൊല്ലിയാൽ അവന്റെ 80 വർഷത്തെ ദോഷങ്ങൾ അല്ലാഹു പൊറുത്തു കൊടുക്കുമെന്ന് പ്രവാചകർﷺ അരുളിയിട്ടുണ്ട്" (പേജ് 34).

സ്വഹീഹായ ഒരു ഹദീസിലും ഇപ്രകാരമില്ല. നബിﷺ പറയാത്തത് അദ്ദേഹത്തിന്റെ പേരിൽ പറഞ്ഞ് പരത്തുന്നത് കടുത്ത അപരാധമാണ്. അബൂഹുറയ്റ﵁യിൽ നിന്ന്; നബിﷺ പറഞ്ഞു: "ആരെങ്കിലും എന്റെ മേൽ മനഃപൂർവം കളവ് പറഞ്ഞാൽ അവൻ നരകത്തിൽ അവന്റെ സീറ്റ് ഉറപ്പിക്കട്ടെ''(മുസ്‌ലിം).

നബിﷺയുടെ പേരിലേക്ക് ചേർത്തിപ്പറയുന്നത് ഇല്ലാത്തതാണെന്ന് ബോധ്യമായിട്ടും അത് ഏറ്റുപിടിച്ചാൽ അത്തരക്കാർ കളവ് പറയുന്നവരിൽ ഉൾപ്പെടുമെന്നും അവിടുന്ന് ഉണർത്തിയിട്ടുണ്ട്. അലി﵁ വിൽ നിന്ന്; നബിﷺ പറഞ്ഞു: "കളവാണെന്നറിഞ്ഞിട്ടും ഒരാൾ എന്നിൽ നിന്നുള്ളതായി വല്ലതും പറഞ്ഞാൽ അവൻ കളവ് പറഞ്ഞവരിൽ ഒരാളായി"(ഇബ്നുമാജ).

**വെള്ളിയാഴ്ച ദിവസം പ്രവാചകന്റെ മേൽ എൺപത് സ്വലാത്ത് ചൊല്ലണമെന്ന് പറയുന്ന ഹദീസിന്റെ പരമ്പരയിലെ അലി ഇബ്നു സൈദ് ഇബ്നു ജദ്ഹാൻ അൽ ബസ്വരി, ഹജ്ജാജ് ബ്നു സിനാൻ, ഔൻ ഇബ്നു ഉമാറത്ത് എന്നിവർ ദുർബലരായതിനാൽ ആ റിപ്പോർട്ട് സ്വീകാര്യയോഗ്യമല്ല. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരായ ഇമാം ഹാകിം, അബൂസുർഹ, അബൂദാവൂദ്, ദാറക്വുത്നി, ഇബ്നു ഹജർ അൽഅസ്‌ക്വലാനി﵀ എന്നിവർ ഇവരുടെ അയോഗ്യത വ്യക്തമാക്കിയിട്ടുണ്ട്. ഇത് പോലെയുള്ള ദുർബലവും നിർമിതവുമായ റിപ്പോർട്ടുകൾ തപ്പിയെടുത്ത് അണികൾക്ക് ഇട്ടുകൊടുക്കുക എന്നത് ബിദ്അത്തുകളെ സംരക്ഷിക്കാൻ പുരോഹിതന്മാർ ചെയ്തുവരുന്ന ദുഷ്ചെയ്തിയാണെന്ന് പറയാതിരിക്കാൻ വയ്യ.**

മുസ്‌ലിയാർ ഉദ്ധരിച്ച ഹദീസിന്റെ പരമ്പരയിലെ അലി ഇബ്നു സൈദ് ഇബ്നു ജദ്ഹാൻ അൽ ബസ്വരി, ഹജ്ജാജ് ബ്നു സിനാൻ, ഔൻ ഇബ്നു ഉമാറത്ത് എന്നിവർ ദുർബലരായതിനാൽ ആ റിപ്പോർട്ട് സ്വീകാര്യയോഗ്യമല്ല. അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരായ ഇമാം ഹാകിം, അബൂസുർഹ, അബൂദാവൂദ്, ദാറക്വുത്നി, ഇബ്നു ഹജർ അൽഅസ്‌ക്വലാനി﵀ എന്നിവർ ഇവരുടെ അയോഗ്യത വ്യക്തമാക്കിയിട്ടുണ്ട്. ഇത് പോലെയുള്ള ദുർബലവും നിർമിതവുമായ റിപ്പോർട്ടുകൾ തപ്പിയെടുത്ത് അണികൾക്ക് ഇട്ടുകൊടുക്കുക എന്നത് ബിദ്അത്തുകളെ സംരക്ഷിക്കാൻ പുരോഹിതന്മാർ ചെയ്തുവരുന്ന ദുഷ്ചെയ്തിയാണെന്ന് പറയാതിരിക്കാൻ വയ്യ.

മുസ്‌ലിയാർ തുടരുന്നു: "ഇമാം ഇസ്ബഹാനി﵀ രേഖപ്പെടുത്തുന്നു: 'ഞാനൊരിക്കൽ തിരുനബിﷺയെ സ്വപ്നത്തിൽ കണ്ടു. അപ്പോൾ ഞാൻ ചോദിച്ചു: നബിയേ ഇമാം ശാഫിഈ﵀ക്ക് അങ്ങ് വല്ല പ്രത്യേകതയും കൊടുത്തിട്ടുണ്ടോ?' അവിടുന്ന് പറഞ്ഞു: 'അതെ. അദ്ദേഹത്തെ ഹിസാബ് കൂടാതെ സ്വർഗത്തിൽ പ്രവേശിപ്പിക്കണമെന്ന് ഞാൻ അല്ലാഹുവോട് ശിപാർശ ചെയ്തിട്ടുണ്ട്.' 'എന്താണ് അതിനു കാരണം?' അവിടുന്ന് പറഞ്ഞു: 'ഇതുവരെ ആരും ചൊല്ലിയിട്ടില്ലാത്ത ഒരു സ്വലാത്ത് അദ്ദേഹം എന്റെ മേൽ ചൊല്ലാറുണ്ടായിരുന്നു"(പേജ് 34).

ശേഷം ഉണ്ടാക്കപ്പെട്ട ആ നിർമിത സ്വലാത്തിന്റെ രൂപം മുസ്‌ലിയാർ ചേർത്തിട്ടുണ്ട്. നബിﷺ പഠിപ്പിക്കാത്ത ഒരു കാര്യം ചെയ്താൽ വിചാരണ കൂടാതെ സ്വർഗത്തിൽ പോകാമെന്ന് വിശ്വസിക്കുന്നവരുടെ വിശ്വാസം എന്ത് വിശ്വാസമാണ്? ഇവർ ഏത് ഇസ്‌ലാമിനെയാണ് പ്രതിനിധീകരിക്കുന്നത്?

മുസ്‌ലിയാർ തന്നെ ഈ പുത്തനാചാരത്തിന് ഒന്ന് കൂടി ആകർഷണീയത കൂട്ടുന്നത് കാണുക: "ഇമാം ജസൂലി﵀ രചിച്ച സ്വലാത്ത് പ്രാർഥനാ ഗ്രന്ഥമായ ദലാഇലുൽ ഖൈറാത്തിലെ വെള്ളിയാഴ്ച ദിവസത്തിൽ ചൊല്ലേണ്ട ഭാഗം ഏറെ ശ്രദ്ധേയമാണ്. 'ഹിസ്ബു യൗമിൽ ജുമുഅ' എന്ന പേരിൽ പ്രസ്തുത ഭാഗം സുലഭമായി ലഭ്യം" (പേജ് 34).

ഇത്തരത്തിൽ സമസ്തയും 'അവരുടെ ഔലിയാക്കളും' പറയുന്നതും പ്രചരിപ്പിക്കുന്നതും അവർക്ക് മാത്രമുള്ള മതനിയമങ്ങളാണ്. ഇസ്‌ലാമിക പ്രമാണങ്ങളിൽ അവയൊന്നും കാണാനാകില്ല. നബിചര്യയിലില്ലാത്ത; നൂതനാചാരങ്ങളെ മതമായി കാണുന്ന ഇവർ ക്വുർആൻ നൽകിയ മുന്നറിയിപ്പ് കാണാത്തവരാണോ? അല്ലാഹു പറയുന്നു: "അവർ പ്രവർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും" (25:23).

മുസ്‌ലിയാർ തുടരുന്നു: "തലപ്പാവ് മുസ്‌ലിമിന്റെ അടയാളമാണ്. വെള്ളിയാഴ്ച ജുമുഅക്കും മറ്റു നിസ്കാരങ്ങൾക്കും തലപ്പാവ് ധരിക്കൽ പ്രത്യേകം സുന്നത്താണ് (ഫത്ഹുൽ മുഈൻ 144)" (പേജ് 35).

നബിﷺയുടെ വസ്ത്രധാരണത്തിന്റെ ഭാഗമായിരുന്നു തലപ്പാവ് ധരിക്കൽ. അന്നത്തെ അവിശ്വാസികളും തലപ്പാവ് ധരിക്കുന്നവരായിരുന്നു. ഇസ്‌ലാം അതിനെ പ്രത്യേകം സുന്നത്തോ മതത്തിന്റെ അടയാളമോ ആക്കിയിട്ടില്ല. എന്നാൽ ധരിക്കുന്നവരെ ആക്ഷേപിക്കുകയോ ധരിക്കാത്തവരെ കുറ്റപ്പെടുത്തുകയോ ചെയ്യേണ്ടതില്ല. പ്രസിദ്ധിക്ക് വേണ്ടി തലപ്പാവ് അണിയുന്നതും ശരിയല്ല.

മുസ്‌ലിയാർ ഇവിടെയും നിർത്തുന്നില്ല: "പണ്ഡിതന്മാർക്കു മാത്രമല്ല സാധാരണക്കാർക്കും അവർക്ക് അനുയോജ്യമായ വിധത്തിലുള്ള തലപ്പാവ് സുന്നത്താകുന്നു. 'വെള്ളിയാഴ്ച തലപ്പാവ് ധരിക്കുന്നവരുടെ മേൽ അല്ലാഹുവും മലക്കുകളും സ്വലാത്ത് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു' (ത്വബ്റാനി)" (പേജ് 35).

തലപ്പാവ് ധരിക്കുന്നതിന് പ്രത്യേകതയുണ്ടെന്ന് പറയപ്പെടുന്ന എല്ലാ റിപ്പോർട്ടുകളും നിർമിതവും ദുർബലവുമാണ്. മേൽ സൂചിപ്പിക്കപ്പെട്ട വാക്ക് അയ്യൂബ്നു മുദ്‌രിക് എന്ന പെരുംകള്ളനിൽ നിന്നുള്ളതാണ്. അത് സ്വീകരിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരല്ല.

മറ്റൊരു ദുർബല റിപ്പോർട്ടും മുസ്‌ലിയാർ ഉദ്ധരിക്കുന്നത് കാണുക: "പ്രവാചകർﷺ പറഞ്ഞു: നമ്മുടെയും മുശ്‌രിക്കുകളുടെയും ഇടയിലുള്ള വ്യത്യാസം തൊപ്പിവെച്ച് അതിനു മുകളിൽ തലപ്പാവ് കെട്ടലാണ് (അബൂദാവൂദ്)" (പേജ് 35).

ഇതിന്റെ പരമ്പരയിലുള്ള അബുൽഹസൻ അൽ അസ്ക്വലാനി, ഇബ്നുറുകാന എന്നിവർ ഒട്ടും സ്വീകരിക്കാൻ പറ്റാത്തവരും അജ്ഞരുമാണ്.

എന്തിനാണ് ഇവർ ഇങ്ങനെ ദുർബലവും വ്യാജവുമായ റിപ്പോർട്ടുകളെ അവലംബിക്കുന്നത്? പ്രമാണങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങൾ തന്നെ എമ്പാടുമുണ്ടായിരിക്കെ അവയിലേക്ക് ജനങ്ങളെ ക്ഷണിക്കലല്ലേ അഭികാമ്യം? നബിﷺയുടെ ഈ മുന്നറിയിപ്പ് ബിദ്അത്തിനു പിന്നാലെ പോകുന്ന എല്ലാവർക്കും ബാധകമാണ്:

ഇബ്നു മസ്ഊദ്ﷺവിൽ നിന്ന്; നബിﷺ പറഞ്ഞു: "എനിക്ക് ശേഷം നിങ്ങളുടെ കാര്യത്തിൽ ചിലർ നിങ്ങളുടെ നേതൃത്വത്തിൽ വരും. അവർ സുന്നത്തിനെ കെടുത്തുന്നവരും ബിദ്അത്ത് പ്രവർത്തിക്കുന്നവരും നമസ്കാരത്തെ അതിന്റെ സമയത്തിൽനിന്ന് പിന്തിക്കുന്നവരുമായിരിക്കും." ഞാൻ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അവരെ ഞാൻ കണ്ടാൽ എന്ത് ചെയ്യണം?" അവിടുന്ന് പറഞ്ഞു: "ഇബ്നു ഉമ്മി അബ്ദ്! താങ്കൾ എന്ത് ചെയ്യണമെന്നാണോ എന്നോട് ചോദിക്കുന്നത്? അല്ലാഹുവിനെ ധിക്കരിച്ച ഒരുവന് അനുസരണമില്ല" (ഇബ്നുമാജ).

പുരോഹിതന്മാർ ഒരുക്കിയ കെണിയിലകപ്പെട്ടവർക്ക് നബിﷺയെ അടുത്തറിഞ്ഞ് സ്നേഹിക്കാനും പിൻപറ്റാനും സാധിക്കുകയില്ലെന്നത് വ്യക്തം. നബി ജീവിതത്തെ ആധാരമാക്കി ജീവിക്കാനും പ്രവർത്തിക്കാനും ഒരുങ്ങാത്തവർ വിജയം പ്രാപിക്കുകയില്ലെന്നും അവർ കുഴപ്പത്തിലകപ്പെടുമെന്നും ക്വുർആൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അല്ലാഹു പറയുന്നു: "നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നത് പോലെ നിങ്ങൾ ആക്കിത്തീർക്കരുത്. (മറ്റുള്ളവരുടെ) മറപിടിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ചോർന്ന് പോകുന്നവരെ അല്ലാഹു അറിയുന്നുണ്ട്. ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ" (ക്വുർആൻ 24:63).

ഇബ്നു കസീർ(റഹി) പറയുന്നു: "പ്രവാചകന്റെ കൽപനകൾ എന്നതിന്റെ ഉദ്ദേശം അവിടുത്തെ വഴി, മാർഗം, രീതി, ചര്യ, ശരീഅത്ത് എന്നതാണ്. വാക്കുകളും പ്രവർത്തനങ്ങളും നബിയുടെ വാക്കിനോടും പ്രവർത്തനത്തോടുമാണ് തുലനം ചെയ്യണ്ടത്. അതിനോട് യോജിക്കുന്നത് സ്വീകരിക്കണം. അല്ലാത്തത് തള്ളപ്പെടണം; ആര് പറഞ്ഞതും പ്രവർത്തിച്ചതുമാണെങ്കിലും ശരി. ഇമാം ബുഖാരി, മുസ്‌ലിം എന്നിവർ ഒരുമിച്ച് ഉദ്ധരിച്ച ഹദീസിൽ 'നമ്മുടെ ഈ കാര്യത്തിൽ(മതത്തിൽ) അതിലില്ലാത്തത് ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെട്ടേണ്ടതാണ്' എന്ന് വന്നിട്ടുണ്ട്. അത് കൊണ്ട് പ്രവാചക നിയമത്തിന് എതിരായി നിൽക്കുന്നവർ പേടിക്കുകയും സൂക്ഷിക്കുകയും ചെയ്യട്ടെ."

ലേഖനം

അബ്ദുല്ല ബാസിൽ സി.പി
basilcpknr@gmail.com




# വിശ്വാസം: ഉൽപത്തി, യുക്തി, പ്രസക്തി

വിശ്വാസത്തെയും അവിശ്വാസത്തെയും സംബന്ധിക്കുന്ന തർക്കങ്ങൾ രണ്ടുകൂട്ടരുടെയും ലോകവീക്ഷണങ്ങളിലെ വ്യത്യാസം കൊണ്ടുള്ളതാണെന്ന് നാം മനസ്സിലാക്കി. ഈ ലോകവീക്ഷണ വ്യത്യാസം ചരിത്രത്തെ വിശദീകരിക്കുന്നതുമായി കൂടി ബന്ധപ്പെട്ടതാണ്. ലോകത്ത് വിശ്വാസവും ആരാധനയും എന്ന് എങ്ങനെ ഉത്ഭവിച്ചു എന്നതിനെ പറ്റി ഭൗതികവാദികൾക്കും ഇസ്‌ലാമിനും വ്യത്യസ്ത വ്യാഖ്യാനങ്ങളാണുള്ളത്.

## വിശ്വാസത്തിന്റെ ഉൽപത്തി

വിശ്വാസത്തിന്റെ ഉൽപത്തിയെ പറ്റി ഭൗതികവാദികൾ വിശദീകരിക്കുന്നതും കലാലയങ്ങളിൽ വിദ്യാർഥികളെ അധ്യാപകർ പഠിപ്പിക്കുന്നതും ഒരു അടിസ്ഥാനവുമില്ലാത്ത ചില അനുമാനങ്ങളാണ്. 'പ്രകൃതിദുരന്തങ്ങളും ഹിംസ്ര ജന്തുക്കളുടെ ആക്രമണവും മനുഷ്യരെ അവയെ ഭയപ്പെടുന്നതിലേക്ക് എത്തിച്ചു. ആ ഭയം പിന്നീട് പ്രകൃതി ശക്തികളെ ആരാധിക്കുന്നതിലേക്ക് വഴിമാറി. പിന്നീട് ഈ പ്രകൃതി ശക്തികളുടെ പ്രതീകങ്ങളായി

ചില മൂർത്തികളെ അവതരിപ്പിക്കുകയും അവയെ ആരാധിച്ചു പോരുകയും ചെയ്തു. ആ ഒരു രീതിയിൽ ബഹുദൈവ ആരാധനാ രൂപങ്ങളായിരുന്നു ആദിമ സമൂഹങ്ങളിൽ നിലനിന്നിരുന്നത്. കുറേക്കൂടി ബുദ്ധി വികസിച്ചപ്പോൾ ചിലർ ഏകദൈവ വിശ്വാസത്തിലേക്ക് നീങ്ങി. വീണ്ടും പുരോഗമിച്ചപ്പോൾ ദൈവം തന്നെയില്ല എന്ന നിരീശ്വരവാദത്തിലേക്ക് മനുഷ്യൻ എത്തിച്ചേരുകയും ചെയ്തു.' ഇതാണ് അനുമാനത്തിന്റെ ചുരുക്കം!

എന്നാൽ ഇസ്‌ലാം മുന്നോട്ട് വെക്കുന്നത് ഇതിനോട് തീർത്തും വിരുദ്ധമായ ചരിത്രവസ്തുതയാണ്. മനുഷ്യചരിത്രത്തിന്റെ ഒന്നാം തീയതി മുതൽക്കു തന്നെ മനുഷ്യൻ ഏകനായ സ്രഷ്ടാവിനുള്ള ആരാധന ആരംഭിച്ചിട്ടുണ്ടെന്നും തുടർന്ന് പൗരോഹിത്യത്തിന്റെയും സ്വാർഥരായ ഭൗതികതാൽപര്യക്കാരുടെയും ഇടപെടലുകൾ കൊണ്ട് മനുഷ്യർ ഏകദൈവ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുകയാണുണ്ടായത് എന്നുമാണ് ഇസ്‌ലാം വിശദീകരിക്കുന്നത്. അത്തരത്തിലുള്ള വ്യതിചലനങ്ങൾ സംഭവിക്കുമ്പോൾ പ്രവാചകന്മാർ കടന്നുവരികയും മനുഷ്യരെ ഏകദൈവ വിശ്വാസത്തിലേക്ക് തിരിച്ചു ക്ഷണിക്കുകയും ചെയ്യും. എങ്കിലും ഈ ഏകദൈവ വിശ്വാസത്തിൽ നിന്നും തെറ്റിപ്പോകാനുള്ള പ്രവണത എക്കാലത്തും മനുഷ്യകുലം കാണിച്ചിട്ടുമുണ്ട്.

ഭൗതികവാദികൾ മുന്നോട്ട് വെക്കുന്നത് ബഹുത്വത്തിൽ നിന്ന് ഏകത്വത്തിലേക്കും അതിൽ നിന്ന് പൂർണ നിഷേധത്തിലേക്കുമുള്ള കേന്ദ്രീകരണ സ്വഭാവമുള്ള (converge) ഒരു മനുഷ്യപരിണാമ കഥയാണ്. മോശമായതിൽ നിന്നും കൂടുതൽ കൂടുതൽ നല്ലതിലേക്കാന് മനുഷ്യൻ പരിണമിച്ചു കൊണ്ടിരിക്കുന്നത് എന്നാണവരുടെ കഥയുടെ ആകെത്തുക. എങ്കിൽ ഏകദൈവ വിശ്വാസത്തിൽ നിന്നും മനുഷ്യർ ബഹുദൈവ വിശ്വാസങ്ങളിലേക്ക് തിരിച്ചുപോകാൻ പാടില്ലല്ലോ. എന്നാൽ ഇതിന് വിരുദ്ധമാണ് യാഥാർഥ്യം എന്ന് ചരിത്രവും വർത്തമാനവും നമ്മോട് പറയുന്നു.

പൂർണമായ ഏകദൈവാരാധനയിൽ അധിഷ്ഠിതമായ പല സംസ്കാരങ്ങളും മതങ്ങളും കാലക്രമേണ ബഹുദൈവാരാധനയുടെയും അന്ധവിശ്വാസങ്ങളുടെയും വിളനിലങ്ങളായതിന് ഉദാഹരണങ്ങൾ എമ്പാടുമാണ്. പുരാതന ഇന്ത്യൻ നാഗരികത ഏകദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായിട്ടും ഹൈന്ദവ വിശ്വാസികൾ ബഹുദൈവാരാധനയിലേക്ക് വഴുതിവീണു. ജൂത, ക്രൈസ്തവ മതങ്ങളിലെല്ലാം പല തരത്തിലും രൂപത്തിലുമുള്ള ബഹുദൈവ വിശ്വാസ പ്രവണതകൾ കാലക്രമേണ വന്നുപെട്ടതായി നമുക്ക് കാണാം. ഏകദൈവാരാധനയുടെ പേരിൽ അറിയപ്പെടുന്ന ഇസ്‌ലാമിന്റെ പേരിൽ പോലും പലയിടങ്ങളിലും നടക്കുന്ന കാട്ടിക്കൂട്ടലുകളും ശിർക്കൻ പ്രവണതകളും അന്ധവിശ്വാസങ്ങളും നാം കണ്ടുകൊണ്ടിരിക്കുന്നു. വിശ്വാസം ഇവർ പറയുന്ന തരത്തിലുള്ള പരിണാമത്തിന് വിധേയമാണെങ്കിൽ ഏകദൈവ വിശ്വാസത്തിൽ നിന്നും നിരീശ്വരവാദത്തിലേക്കായിരുന്നു പരിണമിക്കേണ്ടിയിരുന്നത്. എന്നാൽ വാസ്തവം മറ്റൊന്നാണ്.

അതോടൊപ്പം തന്നെ ആരാധന ഭയത്തിൽ നിന്നും ഉടലെടുത്തതാണെന്ന വാദവും ഒട്ടും യുക്തിസഹമല്ല. മനുഷ്യർ തങ്ങളെ 'ദ്രോഹിച്ച' ശക്തികളെ ആരാധിച്ചു എന്നത് ഏത് തരത്തിലാണ് യുക്തിയാവുക? നമ്മെ ഉപദ്രവിക്കുകയോ പ്രയസപ്പെടുത്തുകയോ ചെയ്യുന്നവയോട് പ്രത്യക്ഷത്തിൽ നാം വിധേയത്വം കാണിച്ചാൽ പോലും മനസ്സിൽ അവയെ പ്രതിഷ്ഠിക്കും എന്ന് കരുതുന്നത് അസംബന്ധമാണ്. ഫലസ്തീനിലെ പിഞ്ചുകുഞ്ഞുങ്ങൾ തങ്ങളെ ഉപദ്രവിക്കുന്ന ഇസ്രയേൽ പട്ടാളക്കാരെ ആരാധനയോടെ കാണുന്നു എന്ന് വാദിക്കുന്നത് പോലെ നിരർഥകമാണത്. പ്രത്യക്ഷത്തിൽ ഇസ്രയേലിന്റെ ടാങ്കറുകൾക്കും പട്ടാളക്കാക്കും മുമ്പിൽ കീഴൊതുങ്ങി നിന്നാൽ പോലും മനസ്സിൽ ഒരുതരത്തിലും അവരോട് ആരാധന തോന്നില്ലെന്നത് സാമാന്യയുക്തിയാണ്. ഭയം എന്ന വികാരം കൊണ്ട് മാത്രം ആരാധന ഉത്ഭവിക്കില്ലെന്നും ആരാധിക്കപ്പെടുന്ന മൂർത്തിയോട് സ്നേഹവും ആദരവും അതിന്റെ കഴിവിലുള്ള മതിപ്പും കൊണ്ടു

**മനുഷ്യചരിത്രത്തിന്റെ ഒന്നാം തീയതി മുതൽക്കു തന്നെ മനുഷ്യൻ ഏകനായ സ്രഷ്ടാവിനുള്ള ആരാധന ആരംഭിച്ചിട്ടുണ്ടെന്നും തുടർന്ന് പൗരോഹിത്യത്തിന്റെയും സ്വാർഥരായ ഭൗതികതാൽപര്യക്കാരുടെയും ഇടപെടലുകൾ കൊണ്ട് മനുഷ്യർ ഏകദൈവ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുകയാണുണ്ടായത് എന്നുമാണ് ഇസ്‌ലാം വിശദീകരിക്കുന്നത്. അത്തരത്തിലുള്ള വ്യതിചലനങ്ങൾ സംഭവിക്കുമ്പോൾ പ്രവാചകന്മാർ കടന്നുവരികയും മനുഷ്യരെ ഏകദൈവ വിശ്വാസത്തിലേക്ക് തിരിച്ചു ക്ഷണിക്കുകയും ചെയ്യും. എങ്കിലും ഈ ഏകദൈവ വിശ്വാസത്തിൽ നിന്നും തെറ്റിപ്പോകാനുള്ള പ്രവണത എക്കാലത്തും മനുഷ്യകുലം കാണിച്ചിട്ടുമുണ്ട്.**

കൂടിയാണ് അതിനെ ആരാധിക്കുന്നത് നല്ലതാണ് എന്ന വിശ്വാസം ഉടലെടുക്കുന്നത്.

ചുരുക്കത്തിൽ വിശ്വാസത്തിന്റെ ഉൽപത്തിയെ പറ്റി ഭൗതികവാദികൾ കൊണ്ടുവരുന്ന കഥ തെളിവുകളില്ലാത്തതാണ് എന്ന് മാത്രമല്ല ആശയപരമായും നിലനിൽപില്ലാത്തതുമാണ്. മാർക്സിനെ പോലുള്ള ചിലരുടെ ഭാവനകൾ എന്നതിനപ്പുറത്ത് അതിനൊരു യഥാർഥ്യവുമില്ല.

**വിശ്വാസത്തിന്റെ യുക്തിയും പ്രസക്തിയും**

എന്തിനാണ് ദൈവമുണ്ടോ ഇല്ലേ എന്ന വിഷയത്തിലുള്ള ചർച്ചകൾ? ഉണ്ടായിരുന്നെങ്കിൽ ദൈവത്തിന് നേരിട്ട് പ്രത്യക്ഷപ്പെട്ടുകൂടായിരുന്നോ? അല്ലെങ്കിൽ ആകാശത്തുനിന്ന് ഞാനാണ് ദൈവം എന്ന് വിളിച്ചു പറഞ്ഞുകൂടേ?

ദൈവാസ്തിത്വവുമായി ബന്ധപ്പെട്ട ചർച്ചകളിലെ നിരീശ്വരവാദികളുടെ പതിനെട്ടാമത്തെ അടവാണ് ഈ ചോദ്യങ്ങൾ. യുക്തിപരമായ അന്വേഷണങ്ങളും ചിന്തകളും ദൈവം എന്ന അസ്തിത്വത്തിലേക്ക് തന്നെ വീണ്ടും വീണ്ടും വിരൽചൂണ്ടുമ്പോഴാണ് 'നേരിട്ട് പ്രത്യക്ഷപ്പെട്ടുകൂടേ' എന്ന ചോദ്യവുമായി ഇത്തരക്കാർ തടിയൂരുന്നത്. തങ്ങളുടെ ദൈവമില്ലാവാദത്തിന്റെ യുക്തിശൂന്യത മറച്ചുവെക്കാനുള്ള ഒരു ശ്രമം മാത്രമാണിത്.

ഒന്നാമതായി, നമ്മുടെ വിശ്വാസം എന്നത് ദൈവത്തിന്റെ ആവശ്യമല്ല; അത് നമ്മുടെ ആവശ്യമാണ്. നാം പടച്ചവനിൽ വിശ്വസിക്കാതിരിക്കുന്നത് കൊണ്ടോ അവന് ആരാധനകൾ അർപ്പിക്കാതിരിക്കുന്നത് കൊണ്ടോ അവന് എന്തെങ്കിലും പ്രയാസമോ അവന്റെ ഔന്നത്യത്തിന് ലവലേശം കുറവോ ഉണ്ടാകുന്നില്ല. ഇസ്‌ലാം പഠിപ്പിക്കുന്ന പടച്ചവൻ പരാശ്രയം ആവശ്യമില്ലാത്തവനും പരിപൂർണനുമാണ്. അടിമകളുടെ ആരാധനയെ ആശ്രയിക്കേണ്ട അവസ്ഥ പടച്ചവനില്ല.

"മൂസാﷺ പറഞ്ഞു: നിങ്ങളും ഭൂമിയിലുള്ള മുഴുവൻ പേരും കൂടി നന്ദികേട് കാണിക്കുന്ന പക്ഷം, തീർച്ചയായും അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാണ് (എന്ന് നിങ്ങൾ അറിഞ്ഞ് കൊള്ളുക) (ക്വുർആൻ 14:8).

അല്ലാഹു പറഞ്ഞതായി നബിﷺ അറിയിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: "അല്ലാഹു പറയുന്നു; എന്റെ അടിയാന്മാരേ, നിങ്ങളിൽ ആദ്യത്തെയും അവസാനത്തെയും വ്യക്തിയും ജിന്നുകളും മനുഷ്യരും എല്ലാംതന്നെ നിങ്ങളിലുള്ള ഏറ്റവും ഭയഭക്തനായ ഒരു മനുഷ്യന്റെ ഹൃദയത്തോട് കൂടിയിരുന്നാലും അത് എന്റെ രാജത്വത്തിൽ നിന്നും യാതൊന്നും തന്നെ വർധിപ്പിക്കുകയില്ല. എന്റെ അടിയാന്മാരേ, നിങ്ങളിൽ ആദ്യത്തെയും അവസാനത്തെയും വ്യക്തിയും ജിന്നുകളും മനുഷ്യരും എല്ലാംതന്നെ നിങ്ങളിലുള്ള ഏറ്റവും ദുഷിച്ച മനുഷ്യന്റെ ഹൃദയത്തോട് കൂടിയിരുന്നാലും അത് എന്റെ രാജത്വത്തിൽ യാതൊരു കുറവും വരുത്തുകയില്ല" (മുസ്‌ലിം).

അഥവാ ഭക്തിയോടെയും നല്ലവനായും ജീവിക്കുന്നതും ദുഷിച്ച ജീവിതം നയിക്കുന്നതുമെല്ലാം നമ്മെ മാത്രം ബാധിക്കുന്ന വിഷയങ്ങളാണ്. പടച്ചവനിൽ നാം വിശ്വസിക്കുന്നോ ഇല്ലയോ എന്നതോ അവനെ നാം ആരാധിക്കുന്നോ ഇല്ലയോ എന്നതോ ഒന്നും തന്നെ അവന്റെ മഹത്ത്വത്തെയോ ഔന്നത്യത്തെയോ ഒരുനിലക്കും ബാധിക്കുന്ന കാര്യങ്ങളല്ല. അതുകൊണ്ട് തന്നെ നമ്മുടെ വിശ്വാസം ദൈവത്തിന്റെ ആവശ്യമല്ല, മറിച്ച് നാമോരോരുത്തരുടെയും താൽപര്യവും ആവശ്യവുമാണ്. അതുകൊണ്ട് തന്നെ, ഞാൻ വിശ്വസിക്കണമെങ്കിൽ പടച്ചവൻ ഇന്നത് ചെയ്യണം, ഇതുപോലെ പ്രവർത്തിക്കണം, ഈ രൂപത്തിലൊക്കെ ആയിരിക്കണം എന്ന് വാചകമടിക്കുന്നവർ സ്വയം പരിഹാസ്യരാവുക മാത്രമാണ് ചെയ്യുന്നത്. നമ്മൾ വിശ്വസിക്കൽ പടച്ചവന്റെ ആവശ്യവും അനിവാര്യതയും ആയിരുന്നെങ്കിൽ അത്തരം 'കണ്ടീഷനുകൾ'ക്ക് അർഥമുണ്ടാകുമായിരുന്നു. എന്നാൽ സത്യാസത്യങ്ങൾ വേർതിരിച്ചു തന്ന ശേഷം വിശ്വസിക്കാനും അവിശ്വസിക്കാനും സ്വാതന്ത്ര്യം നൽകിയ,





നമ്മുടെ വിശ്വാസത്തെ ഒരുതരത്തിലും ആശ്രയിക്കാത്ത പടച്ചവനോട് ഇത്തരം നിബന്ധനകൾ വെക്കുന്നത് അഹന്തയും യുക്തിശൂന്യതയും ഒരുമിക്കുമ്പോൾ സംഭവിക്കുന്ന ഒന്നാണ്.

പടച്ചവന് നാം അർപ്പിക്കുന്ന ആരാധനകൾ അവന്റെ ഔന്നത്യവും മഹത്ത്വവും മനസ്സിലാക്കിക്കൊണ്ടുള്ളതാണ്. എന്തിനാണ് ആരാധന എന്ന ചോദ്യത്തിന് അത് പടച്ചവന്റെ അസ്തിത്വത്തിന്റെ അവകാശമാണ് എന്നത് തന്നെയാണ് ഉത്തരം. നാം ആരാധിക്കുന്നതോ ആരാധിക്കാതിരിക്കുന്നതോ അവനെ ബാധിക്കുകയില്ലെങ്കിലും ആ ആരാധന അർഹിക്കുന്നതാണ് അവന്റെ അസ്തിത്വവും നാമഗുണ വിശേഷണങ്ങളും. അവൻ അർഹിക്കുന്ന ആരാധന നാം അവന് അർപ്പിക്കാതിരിക്കുന്നത് നാം ചെയ്യുന്ന നന്ദികേടാണ്. അത് കൊണ്ടാണ് വിശ്വസിക്കുന്നതിനെ നന്ദിയായും അവിശ്വസിക്കുന്നതിനെ നന്ദികേടുമായി ക്വുർആൻ വിശേഷിപ്പിക്കുന്നത്:

'തീർച്ചയായും നാം അവനു വഴികാണിച്ചു കൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു, അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു" (ക്വുർആൻ 76:3).

വിശ്വാസം യഥാർഥത്തിൽ വിശ്വാസമാകുന്നത് അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസമാകുമ്പോഴാണ്. ക്വുർആൻ വിശ്വാസികളെ പരിചയപ്പെടുത്തുന്നത് തന്നെ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുന്നവർ എന്നാണ്: "അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും പ്രാർഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും (ചെയ്യുന്നവർ)" (ക്വുർആൻ 2:3).

നേർക്കു നേരെ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ടോ പരീക്ഷണ നിരീക്ഷണങ്ങൾ കൊണ്ടോ കാണാൻ സാധിക്കാത്ത കാര്യങ്ങൾ എന്നതാണ് 'ഗയ്ബ്' അഥവാ 'അദൃശ്യകാര്യങ്ങൾ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരത്തിൽ അദൃശ്യവും അഭൗതികവുമായ കാര്യങ്ങളിലാണ് വിശ്വാസം ആവശ്യമായി വരിക. നേരിട്ട് കാണുന്ന ഒരു കാര്യം പിന്നീട് പ്രത്യേകം വിശ്വസിക്കുന്നോ എന്ന ചോദ്യത്തിന് തന്നെ അർഥമില്ല. നട്ടുച്ചക്ക് ഒരാളെ വിളിച്ചു വരുത്തി ഇപ്പോൾ പകലാണ് എന്ന് നീ വിശ്വസിക്കുന്നുണ്ടോ എന്ന ചോദ്യം തന്നെ അപ്രസക്തമാണ്. അതുപോലെ തന്നെ പടച്ചവൻ നേരിട്ട് പ്രത്യക്ഷപ്പെട്ടോ ആകാശത്ത് നിന്ന് വിളിച്ചു പറഞ്ഞോ എല്ലാവർക്കും പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിക്കാൻ തക്ക രീതിയിൽ അവതരിക്കുകയാണെങ്കിൽ അവിടെ വിശ്വാസം അവിശ്വാസം എന്ന തിരഞ്ഞെടുപ്പിന് തന്നെ അർഥമില്ലാതാകും. പടച്ചവന്റെ ഔന്നത്യവും മഹത്ത്വവും തനിക്ക് നൽകിയ സൗഭാഗ്യങ്ങളും തിരിച്ചറിഞ്ഞ് നന്ദി കാണിക്കുന്നോ അതോ നന്ദികേട് കാണിക്കുന്നുവോ എന്ന പരീക്ഷണമാണ് യഥാർഥത്തിൽ ജീവിതം. അവിടെ നേരിട്ട് പ്രത്യക്ഷപ്പെട്ട് അസ്തിത്വത്തെ അംഗീകരിക്കാൻ നിർബന്ധിതരാക്കുന്നത് പരീക്ഷണം എന്നതിന്റെ പ്രസക്തിയെ തന്നെ ചോദ്യം ചെയ്യുന്ന ഒന്നാണ്. എല്ലാറ്റിനുമുപരി വിശ്വസിക്കുക, നന്ദികാണിക്കുക എന്നത് നമ്മുടെ ആവശ്യമാണ്, അതില്ലെങ്കിലും പടച്ചവനെ യാതൊരു തരത്തിലും അത് ബാധിക്കുകയില്ല.

യഥാർഥ്യങ്ങൾക്ക് നേരെ കണ്ണടച്ചും അഹന്ത കാട്ടിയും നിഷേധിക്കുകയും നന്ദികേട് കാണിക്കുകയും ചെയ്താൽ അവിടെ നഷ്ടം സംഭവിക്കുന്നത് മതത്തിനോ ദൈവത്തിനോ അല്ലെന്നും സ്വന്തത്തിനാണെന്നുമുള്ള തിരിച്ചറിവ് നമ്മെ വിനയാന്വിതരാക്കുന്നു. വിനയത്തോടു കൂടിയുള്ള അന്വേഷണങ്ങൾ സത്യത്തിന്റെ പ്രകാശത്തിലേക്കുള്ള നമ്മുടെ യാത്ര എളുപ്പമാക്കുകയും ചെയ്യുന്നു. ●

ടി.കെ.അശ്റഫ്
tkashraf100@gmail.com



# നേതൃത്വം അലങ്കാരമല്ല

നേതൃത്വം ഒരു ഭാരിച്ച ഉത്തരവാദിത്തമാണ്; അത് അലങ്കാരമല്ല. അത് ആഗ്രഹിക്കുന്നതും ഏറ്റെടുക്കാൻ നിർബന്ധിക്കുമ്പോൾ ഒളിച്ചോടുന്നതും വിശ്വാസികൾക്ക് ഭൂഷണമല്ല.

നേതൃത്വം നമ്മിലേക്ക് വന്നുചേർന്നതാണെങ്കിൽ അതിൽ അല്ലാഹുവിന്റെ പ്രത്യേക സഹായമുണ്ടാകും. ചോദിച്ച് വാങ്ങിയതാണെങ്കിൽ അനുഗ്രഹമുണ്ടാകില്ല. സംഘടനക്കും സമൂഹത്തിനും ഭാരമായി മാറുന്നവനല്ല; ഭാരം വഹിക്കുന്നവനാണ് ഭാരവാഹി.

നേതൃത്വം ഒരവസരമാണ്. നന്മക്ക് തുടക്കം കുറിക്കാനും അതിന്റെ മുന്നിൽ നടക്കാനും നേതൃത്വത്തിന് അവസരം ലഭിക്കും. നേതൃത്വത്തിന്റെ പ്രവർത്തനത്തെപ്പോലെ തന്നെ ചിന്തക്കും വലിയ പ്രതിഫലമുണ്ട്. തന്റെ സംഘടനയെ ലക്ഷ്യത്തിലേക്ക് നയിക്കാനുള്ള വിവിധ പദ്ധതികളെക്കുറിച്ച് എപ്പോഴും ചിന്തിക്കുന്നവനായിരിക്കും നല്ലൊരു നേതാവ്. ചിന്തയിൽ നിന്നുണ്ടാകുന്ന ആശയങ്ങളാണ് ചർച്ചകളിലൂടെ പ്രവർത്തനമായി രൂപപ്പെടുന്നത്. പടർന്നു പന്തലിച്ച പദ്ധതിയിലൂടെ ഉണ്ടാകുന്ന നന്മകളുടെയെല്ലാം പ്രതിഫലത്തിൽ അതിന് തുടക്കം കുറിച്ചവരും തുടർച്ചക്കായി പ്രയത്നിക്കുന്നവരും പങ്കാളികളായിരിക്കും.

നേതൃത്വം ഒരു അമാനത്ത് കൂടിയാണ്. അത് പരലോകത്ത് ചോദ്യം ചെയ്യപ്പെടും. അമാനത്തുകളും കരാറുകളും പൂർത്തീകരിക്കാത്തവർക്ക് സ്വർഗപ്രവേശം അസാധ്യമായിരിക്കും. അമാനത്തിൽ വഞ്ചന കാണിക്കുന്നത് പരലോകത്ത് അങ്ങേയറ്റത്തെ ഖേദത്തിനിടയാക്കും. ഉത്തരവാദിത്തങ്ങളെക്കുറിച്ച് നേതൃത്വം ചോദ്യം ചെയ്യപ്പെടും. അതുകൊണ്ട് ഭാരവാഹിത്വം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ സംഘടനാ നേതൃത്വം ശ്രമിക്കണം.

കഴിവും സാഹചര്യവും ഉണ്ടായിട്ടും ഭാരവാഹിത്വം ചോദ്യം ചെയ്യപ്പെടുമെന്ന് ഭയന്ന് ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടുന്നതും ശിക്ഷക്ക് കാരണമാകുന്ന വിഷയമാണ്. ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടിയ യൂനുസ് നബിﷺയുടെ അനുഭവം വിശ്വാസികൾക്ക് പാഠമാകണം. ഇഹലോകത്തെ തിരക്കും ഉപജീവനത്തിന്റെ തിടുക്കവും ഉയർത്തിക്കാണിച്ച്, മതപരമായ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുനിന്നാൽ ദുനിയാവ് കൂടുതൽ ഇടുങ്ങുകയും ഉപജീവന മാർഗം കുടുസ്സാവുകയുമാണ് ചെയ്യുക. അല്ലാഹു പറയുന്നു:

"എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ടുവരുന്നതുമാണ്" (ക്വുർആൻ 20:124).

നമുക്ക് ആവശ്യമായതെല്ലാം നൽകുന്നത് അല്ലാഹുവാണ്. ജോലിയും മറ്റു ഉപജീവന ഉപാധികളും അതിന്റെ നിമിത്തങ്ങൾ മാത്രമാണ്. നിമിത്തങ്ങളിൽ നാം ഭരമേൽപിച്ചു കൂടാ. അല്ലാഹുവിലണ് നാം ഭരമേൽപിക്കേണ്ടത്. അവനെയാണ് നാം തൃപ്തിപ്പെടുത്തേണ്ടത്. അല്ലാഹു തൃപ്തിപ്പെട്ടാൽ നമ്മുടെ ഉപജീവന മാർഗം വിശാലമാകും. അല്ലാഹുവിന്റെ മാർഗത്തിൽ ഉത്തരവാദിത്തമേറ്റെടുക്കുമ്പോൾ നമ്മുടെ ദുനിയാവിന്റെ ഭാരങ്ങൾ അല്ലാഹു ഇറക്കിത്തരും. കാരണം അവന്റെ ദീനിന്റെ മാർഗത്തിലുള്ള പ്രവർത്തനമാണത്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നതാണ്" (ക്വുർആൻ 47:7).

നേതൃത്വത്തിലിരിക്കുന്നവർ കണ്ണും കാതും തുറന്ന് വെക്കണം. സമൂഹത്തിലും രാജ്യത്തിലുമുള്ള സംഭവവികാസങ്ങളെ കുറിച്ച് അവർ അജ്ഞരായിക്കൂടാ. വ്യക്തിജീവിതത്തിൽ വിശുദ്ധി പാലിക്കണം. കാര്യങ്ങളെ അപഗ്രഥിച്ച് ഏറ്റവും ശരിയായ വഴിയിലൂടെ സംഘടനയെ നയിക്കാൻ സാധിക്കണം.

സംഘടനയെ നയിക്കുന്നത് വ്യക്തമായ ആദർശ ബോധം ഉൾക്കൊണ്ടവരായിരിക്കണം. അവർക്കേ വഴിതെറ്റാതെ നയിക്കുവാൻ കഴിയൂ. പറയുന്നതിനനുസരിച്ച് പ്രവർത്തിക്കുകയും ജീവിതം മാതൃകായോഗ്യമാക്കുകയും ചെയ്യുന്ന ഭാരവാഹികളുടെ വാക്കുകൾക്ക് വലിയ സ്വാധീനമുണ്ടാകും. കൂടെയുള്ളവരെ കൂട്ടിപ്പിടിക്കാൻ സാധിക്കണം. തിരുത്തേണ്ടത് തിരുത്താനും തിരുത്തിക്കാനുമുള്ള ആർജവം നേതൃത്വത്തിന് ഉണ്ടാകണം. ●

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ(റഹി)
വിവർത്തനം: ശമീർ മദീനി

ലേഖനം

പണ്ഡിതന്മാരോടുള്ള കടപ്പാടുകൾ: 10

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയയുടെ 'റഫ്ഉൽ മലാം'
എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം

# തെളിവുകൾ സ്വീകരിക്കുന്നതിലെ കണിശത



ഒരു വിഷയത്തിൽ വ്യക്തമായ അറിവ് പ്രദാനം ചെയ്യുന്നതിൽ ആ വിഷയത്തെക്കുറിച്ച് അറിയിക്കുന്ന ആളുകൾക്കപ്പുറം പുറമെ നിന്നുള്ള സാഹചര്യത്തെളിവുകൾക്കും സ്വാധീനം ചെലുത്താൻ സാധിക്കുമെന്നത് നാം പ്രത്യേകം പറയുന്നില്ല. കാരണം അത്തരം സാഹചര്യത്തെളിവുകൾ ചിലപ്പോൾ ആ വിഷയത്തിലുള്ള റിപ്പോർട്ടുകളുടെ അഭാവത്തിൽ തന്നെ പ്രസ്തുത അറിവ് പ്രദാനം ചെയ്യാറുണ്ട്. അപ്പോൾ അവയ്ക്ക് സ്വയം തന്നെ ചിലപ്പോൾ അറിവ് പ്രദാനം ചെയ്യാൻ സാധിക്കുമെങ്കിലും അത് ഏതൊരു റിപ്പോർട്ടിനും എപ്പോഴും അനുബന്ധമായി ഉണ്ടായിരിക്കണമെന്നില്ല. മറിച്ച് ചിലപ്പോൾ അത് അറിവ് ലഭിക്കുന്നതിനുള്ള ഒരു മാർഗമായിരിക്കും. മറ്റുചിലപ്പോൾ നിഗമനത്തിനുള്ള വഴിയുമാകാം. ഖണ്ഡിതമായൊരു അറിവ് നൽകാനുതകുന്ന സംഗതികൾ ഒത്തുവരുന്നത് ചിലപ്പോൾ റിപ്പോർട്ടിൽ നിന്നും സാഹചര്യത്തെളിവുകളിൽ നിന്നും (അഥവാ രണ്ടിൽ നിന്നും) ഒന്നിച്ചായിരിക്കും. മറ്റു ചിലപ്പോൾ അവയിലൊന്നിൽ നിന്നുമായിരിക്കാം. ചിലപ്പോൾ നിഗമനങ്ങൾ മാത്രമായിരിക്കാം അതിൽനിന്നു ലഭിക്കുക. റിപ്പോർട്ടുകളെ സംബന്ധിച്ച് കൂടുതൽ അറിവുള്ളവർ അതിന്റെ സത്യതയെ സംബന്ധിച്ചും വ്യക്തമായ ധാരണയുള്ളവരായിരിക്കും. എന്നാൽ അവരെപോലെയല്ലാത്തവർക്ക് ആ ഒരു ഖണ്ഡിതമായ അറിവുണ്ടാവുകയില്ല.

ചിലപ്പോൾ ഒരു ഹദീഥിന്റെ ആശയം ഖണ്ഡിമാണോ അല്ലേ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാകാറുണ്ട്. പ്രസ്തുത ഹദീഥിലെ ആശയം വ്യക്തമായ പരാമർശമാണോ അതല്ല പ്രഥമഗ്രാഹ്യതയിലുള്ള കേവലം ബാഹ്യമായ ആശയം മാത്രമാണോ എന്ന് വിലയിരുത്തുന്നതിലുള്ള അഭിപ്രായവ്യത്യാസം അ

വർക്കിടയിലുള്ളതുകൊണ്ടാണ് ഇങ്ങളെ സംഭവിക്കുന്നത്. ഇനി കേവലം ബാഹ്യമായ ആശയമാണെങ്കിൽ തന്നെ അതല്ലാത്ത മറ്റു ആശയസാധ്യതയെ നിരാകരിക്കുന്ന വല്ലതും അതിലുണ്ടോ ഇല്ലേ എന്നതിനാലും ഇങ്ങനെ സംഭവിക്കാം. ഇതും വിശാലമായ ഒരു മേഖലയാണ്. ചിലപ്പോൾ പണ്ഡിതന്മാരിൽ ഒരു വിഭാഗം ചില ഹദീഥുകളുടെ ആശയം വെച്ച് ഖണ്ഡിതമായി പറയുമ്പോൾ മറ്റു ചിലർ അവവെച്ച് ഖണ്ഡിതമായി പറയാറില്ല. ഒന്നുങ്കിൽ പ്രസ്തുത ഹദീഥിൽ നിന്നും അതല്ലാത്ത ആശയങ്ങൾക്കൊന്നിനും സാധ്യതയില്ലെന്ന് അവർ ഗ്രഹിച്ചതിനാലോ അതല്ലെങ്കിൽ മറ്റു ആശയങ്ങൾ ഈ ഹദീഥിന്റെ താൽപര്യമായി ഗണിക്കുന്നതിന് വേറെ തടസ്സങ്ങളുള്ളതായി അവർക്കറിയുന്നതുകൊണ്ടോ അതുമല്ലെങ്കിൽ മറ്റുവല്ല ന്യായങ്ങളും ഉള്ളതിനാലോ ആയിരിക്കാം അവർ അങ്ങനെ ഖണ്ഡിതമായി പറയുന്നത്.

എന്നാൽ രണ്ടാമത്തേത് ബാഹ്യമായ ആശയം ആണ്. പരിഗണനീയമായ പണ്ഡിതന്മാരുടെ ഐക കണ്ഠേനയുള്ള അഭിപ്രായമനുസരിച്ച് മതപരമായ വിധിവിലക്കുകളിൽ അഥവാ കർമവിഷയങ്ങളിൽ അതനുസരിച്ച് പ്രവർത്തിക്കൽ നിർബന്ധമാണ്. എന്നാൽ അത്തരം റിപ്പോർട്ടുകൾ ചിലപ്പോൾ ചില താക്കീതകളും ഭീഷണികളും പോലുള്ള കർമപരമല്ലാത്ത കാര്യങ്ങൾ കൂടി ഉൾക്കൊള്ളുന്നവയായിരിക്കും. അത്തരം റിപ്പോർട്ടുകളുടെ കാര്യത്തിൽ ചില കർമശാസ്ത്ര വിഭാഗങ്ങൾ അഭിപ്രായപ്പെട്ടത് സ്വീകാര്യയോഗ്യനായ ഒരാളുടെ റിപ്പോർട്ട് ഒരു കാര്യം ചെയ്താലുള്ള താക്കീതുപോലുള്ളത് ഉൾക്കൊള്ളുന്നുവെങ്കിൽ ആ കാര്യം ചെയ്യൽ നിഷിദ്ധം (ഹറാം) ആണെന്നതിന് ഈ രേഖ അടിസ്ഥാനമാക്കി പ്രവർത്തിക്കൽ അനിവാര്യമാണ് എന്നാണ്. എന്നാൽ ആ താക്കീതിന്റെ വിഷയത്തിൽ പ്രസ്തുത റിപ്പോർട്ട് ഖണ്ഡിതമായ രൂപത്തിൽ സ്ഥിരപ്പെടുന്നതുവരെ അതനുസരിച്ച് പ്രവർത്തിക്കാൻ പറ്റില്ല എന്നുമാണ്. അപ്രകാരം തന്നെയാണ് ഒരു ഹദീഥിന്റെ പദങ്ങൾ ഖണ്ഡിതമായി സ്ഥിരപ്പെട്ടതും അതിന്റെ ആശയം കേവലം ബാഹ്യമായതും (ളാഹിർ) ആണെങ്കിലും (കർമകാര്യങ്ങൾക്കത് അവലംബിക്കാം, അതിനപ്പുറമുള്ള വിശ്വാസകാര്യങ്ങൾക്ക് അത് അവര്യാപ്തമാണ് എന്ന് സാരം-വിവ.)

സൈദുബ്നു അർഖമിനോട്; 'നിങ്ങൾ പറയുക; അദ്ദേഹം നബിﷺയോടൊപ്പമുള്ള തന്റെ ജിഹാദ് നഷ്ടപ്പെടുത്തിയെന്ന്, പശ്ചാത്തപിക്കുന്നുവെങ്കിലൊഴികെ' (അഹ്മദ്) എന്ന ആഇശ﷼യുടെ വാക്കിനെ അത്തരത്തിലാണ് അവർ കാണുന്നത്. (അതായത്, ആലിയ പറയുന്നു; ഞാനും ഉമ്മു മഹബ്ബയും മക്കയിലേക്ക് പോയി. അങ്ങനെ ഞങ്ങൾ ആഇശ﷼യുടെ അടുക്കലേക്ക് ചെന്നു. സലാം പറഞ്ഞു. അപ്പോൾ ആഇശ﷼ ഞങ്ങളോട് 'നിങ്ങൾ എവിടെ നിന്ന് വരുന്നവരാണ്' എന്ന് ചോദിച്ചു. 'ഞങ്ങൾ കൂഫക്കാരാണെ'ന്ന് മറുപടി നൽകി. അങ്ങനെ ഉമ്മുമഹബ്ബ ആഇശ﷼യോട് പറഞ്ഞു: 'ഉമ്മുൽ മുഅ്മിനീൻ! എനിക്കൊരു അടിമസ്ത്രീയുണ്ടായിരുന്നു. ഞനവളെ സൈദ്ബ്നു അർഖമിന് എണ്ണൂറ് ദിർഹമിന് വിറ്റു. അദ്ദേഹം അവളെ വിൽക്കാനുദ്ദേശിച്ചപ്പോൾ ഞാനവളെ അദ്ദേഹത്തിന്റെയടുക്കൽ നിന്ന് 600 ദിർഹമിന് വാങ്ങി.' അപ്പോൾ ആഇശ﷼ പറഞ്ഞു: 'നീ വിറ്റതും വാങ്ങിയതും എത്ര മോശം! നീ സൈദിനോട് പറഞ്ഞേക്കുക; പ്രവാചകനോടൊപ്പമുള്ള ജിഹാദ് അദ്ദേഹം വിഫലമാക്കിയെന്ന്; തൗബ ചെയ്യുന്നുവെങ്കിലൊഴികെ.' അപ്പോൾ ഉമ്മുമഹബ്ബ ആഇശ ﷼ യോട് ചോദിച്ചു: 'ഞാൻ അദ്ദേഹത്തിൽ നിന്ന് എന്റെ മൂലധനം മാത്രം വാങ്ങുന്നുവെങ്കിലോ?' ആഇശ﷼ പറഞ്ഞു: 'ആർക്കെങ്കിലും ഉപദേശം വന്ന് കിട്ടുകയും അതിൽ നിന്ന് (നിഷിദ്ധത്തിൽ നിന്ന്) വിരമിക്കുകയും ചെയ്യുന്നുവെങ്കിൽ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ -വിവ.)

ആ വിഭാഗം പണ്ഡിതന്മാർ പറയുന്നു: 'ആഇശ﷼ സൈദ്ബ്നു അർഖ﷼മിനെ കുറിച്ച് അങ്ങനെ ഒരു താക്കീത് പറഞ്ഞത് അവർക്കതിനെക്കുറിച്ച് ബോധ്യമുള്ളതു കൊണ്ടാണ്. പ്രസ്തുത ഇടപാട് നിഷിദ്ധമാണെന്ന കാര്യം അവരുടെ റിപ്പോർട്ടനുസരിച്ച് മനസ്സിലാക്കി നമുക്ക് പ്രവർത്തിക്കാം. എന്നാൽ ഈ താക്കീത് നാം പറയുകയില്ല. കാരണം അത് ഒരാളുടെ റിപ്പോർട്ടിലൂടെ മാത്രമാണ് നമുക്ക് ലഭിച്ചത്.'

ഇക്കൂട്ടർക്ക് ഇതിനുള്ള ന്യായമിതാണ്: താക്കീത് എന്നത് കർമ വിഷയമല്ല. അത് ഖണ്ഡിതമായ അറിവ് പ്രദാനം ചെയ്യുന്ന കാര്യത്തിലൂടെയല്ലാതെ സ്ഥിരപ്പെടുകയില്ല. അതോടൊപ്പം ഒരു കർമം അനുവദനീയമെന്ന നിലയിൽ ഒരു മുജ്തഹിദ് പ്രവർത്തിച്ചുവെന്നിരിക്കട്ടെ, അയാൾക്കതിന്റെ ശിക്ഷയും താക്കീതുകളുമൊന്നും ബാധകമാവുകയില്ല. ഇക്കൂട്ടരുടെ വാദമനുസരിച്ച് താക്കീതുകളുൾക്കൊള്ളുന്ന ഹദീഥുകൾ തെളിവാക്കിക്കൊണ്ട് പ്രസ്തുത പ്രവർത്തികൾ നിഷിദ്ധമാണെന്ന് പറയാം. എന്നാൽ ആ ശിക്ഷകളും താക്കീതുകളും ഖണ്ഡിതമായ മറ്റു തെളിവുകളുടെ അടിസ്ഥാനത്തിലല്ലാതെ ബാധകമാകുമെന്ന് പറയാൻ സാധിക്കുകയില്ല.

ഇതുപോലെയാണ്, ചില സ്വഹാബികളിൽ നിന്ന് സ്ഥിരപ്പെട്ടു വന്ന ചില ക്വിറാഅത്തുകൾ-അവ ഉഥ്മാൻ ﷼വിന്റെ മുസ്ഹഫിൽ ഇല്ലാതിരുന്നിട്ടും- ഭൂരിഭാഗം പണ്ഡിതന്മാരും അത് തെളിവാക്കാറുണ്ട്. കാരണം പ്രസ്തുത ക്വിറാഅത്തുകൾ വിശ്വാസവും കർമവും ഉൾകൊള്ളുന്നവയാണ്. അതിനാൽ അവ കർമങ്ങളുടെ കാര്യത്തിൽ മാത്രം തെളിവാക്കുകയും ക്വുർആനായി സ്ഥിരപ്പെടുത്താ

തിരിക്കുകയുമാണ് അവർ ചെയ്തത്. കാരണം ഖുർആൻ വചനങ്ങൾ വിശ്വാസത്തിന്റെ കൂടിഭാഗമാണ്. അതാകട്ടെ സുദൃഢമായ കാര്യങ്ങളിലൂടെ യല്ലാതെ സ്ഥിരപ്പെടുകയില്ല.

എന്നാൽ ഭൂരിഭാഗം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതും സലഫുകളുടെ പൊതുവിലുള്ള അഭിപ്രായവും 'ഖബർ ആഹാദായി' വന്ന ഹദീഥുകൾ അവയുൾക്കൊള്ളുന്ന കർമങ്ങൾക്കും കർമേതര കാര്യങ്ങൾക്കും (വിശ്വാസകാര്യങ്ങൾ) തെളിവാണെന്നതാണ്.

എന്തുകൊണ്ടെന്നാൽ നബിﷺയുടെ സ്വഹാബിമാരും അവർക്കു ശേഷമുള്ള താബിഈങ്ങളുമെല്ലാം ഇത്തരം ഹദീഥുകൾകൊണ്ട് കർമങ്ങളോടൊപ്പം അവയുൾക്കൊള്ളുന്ന ശിക്ഷകളെയും സ്ഥിരീകരിച്ചു പോന്നിരുന്നു. അത്തരും കാര്യങ്ങൾ ചെയ്യുന്നവർക്ക് ആ ശിക്ഷകളും ബാധകമാണെന്ന് അവർ വ്യക്തമായി പ്പറയുമായിരുന്നു. അത് അവരുടെ ഫത്‌വകളിലും സംസാരങ്ങളിലും സുപരിചിതമാണ്. കാരണം, ശിക്ഷ എന്നത് മതപരമായ നിയമങ്ങളിൽ പെട്ടതാണ്. ചിലപ്പോൾ അത് ബാഹ്യമായ (ളാഹിർ) തെളിവുകളിലൂടെ സ്ഥിരപ്പെടും. ഇവിടങ്ങളിലൊന്നും പ്രസ്തുത ശിക്ഷകളെപ്പറ്റിയുള്ള പരിപൂർണമായ ദൃഢബോധ്യമെന്ന നിലയ്ക്കുള്ള തെളിവുകൾ ആവശ്യമില്ല. പ്രത്യുത, ദൃഢബോധ്യവും മികച്ച നിഗമനങ്ങളും എല്ലാം ഉൾക്കൊള്ളുന്ന തെളിവുകളേ ആവശ്യമുള്ളൂ. അതുതന്നെയാണ് കർമകാര്യങ്ങൾക്കുപരിയായ വിശ്വാസ കാര്യങ്ങളിലും അവശ്യമായുള്ളത്.

അല്ലാഹു ഇന്ന കാര്യം നിഷിദ്ധമാക്കിയിരിക്കുന്നു. ആ നിഷിദ്ധം പ്രവർത്തിക്കുന്നയാൾക്ക് ചില ശിക്ഷകൊണ്ട് അല്ലാഹു താക്കീത് ചെയ്തിട്ടുണ്ട് എന്ന് ഒരാൾ മൊത്തത്തിൽ വിശ്വസിക്കുന്നതും ഇന്ന കാര്യം അല്ലാഹു നിഷിദ്ധമാക്കുകയും അതിന് പ്രത്യേകമായ ഇന്നാലിന്ന ശിക്ഷയുണ്ടെന്ന് വിശ്വസിക്കുന്നതും തമ്മിൽ വ്യത്യാസമൊന്നുമില്ല. കാരണം രണ്ടിലുമുള്ളത് അല്ലാഹുവിൽനിന്നുള്ള അറിയിപ്പുകളാണ്. പൊതുവായ തെളിവുകളുടെ അടിസ്ഥാനത്തിൽ മൊത്തത്തിൽ പറയൽ അനുവദനീയമെന്നതുപോലെ രണ്ടാമത്തേതും അനുവദനീയമാണ്. മാത്രവുമല്ല ശിക്ഷയുടെ കാര്യത്തിൽ ആ സമീപനമാണ് കുറേകൂടി ഗൗരവമുള്ളത് എന്ന് ആരെങ്കിലും പറഞ്ഞാൽ അത് ശരിയാണ്.

അതുകൊണ്ടാണ് നന്മകൾ ചെയ്യാൻ പ്രേരിപ്പിക്കുന്ന (തർഗീബ്) ഹദീഥുകളുടെയും തിന്മകളെ നിരുത്സാഹപ്പെടുത്തുന്ന (തർഹീബ്) ഹദീഥുകളുടെയും സനദുകളുടെ കാര്യത്തിൽ ചില ഇളവുകളും ഉദാസീനതയും പണ്ഡിതന്മാർ കാണിക്കാറുള്ളത്. എന്നാൽ ഹറാമുകളും ഹലാലുകളും പ്രതിപാദിക്കുന്ന (അഹ്കാമുകളുടെ) ഹദീഥുകളിൽ അത്തരമൊരു ഉദാസീന നിലപാടുകൾ അവർ സ്വീകരിച്ചിരുന്നില്ല. കാരണം, ശിക്ഷയെ കുറിച്ചുള്ള വിശ്വാസം അക്കാര്യം ഉപേക്ഷിക്കുവാൻ പ്രേരണ നൽകുന്നതാണ്. ആ താക്കീത് തികച്ചും സത്യം തന്നെയാണെങ്കിൽ ആ തിന്മ ഉപേക്ഷിക്കുന്നതു നിമിത്തം അയാൾ പ്രസ്തുത ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടു. എന്നാൽ പ്രസ്തുത താക്കീത് സത്യമായിരുന്നില്ല; അതിനെക്കാൾ കുറഞ്ഞ ശിക്ഷയേ അതിനുള്ളൂ എന്നിരുന്നാലും ആ തിന്മ ഉപേക്ഷിച്ചതിലൂടെ അയാൾക്ക് യാതൊരു ദോഷവും സംഭവിക്കുന്നില്ല. മറിച്ച്, താൻ കൂടുതലുണ്ടെന്ന് കരുതിയ ശിക്ഷയുടെ കാര്യത്തിൽ മാത്രമാണ് തെറ്റുപറ്റിയത്.


നേരെമറിച്ച് ശിക്ഷ കുറവാണെന്നായിരുന്നു അയാളുടെ വിശ്വാസമെങ്കിൽ അയാൾക്ക് പിഴവു സംഭവിക്കുകയും ചെയ്തിരുന്നേനെ. അപ്രകാരം തന്നെ കൂടിയ ശിക്ഷയെ പരാമർശിച്ച റിപ്പോർട്ടിനെ അയാൾ സ്ഥിരീകരിക്കാനോ ശിക്ഷയെ പരാമർശിച്ച റിപ്പോർട്ടിനെ അയാൾ സ്ഥിരീകരിക്കാനോ നിഷേധിക്കാനോ തയ്യാറാവാതെ വന്നാലും അബദ്ധം പറ്റാൻ സാധ്യതയുണ്ട്. കാരണം ഇത്തരം ധാരണകൾ പ്രസ്തുത തെറ്റിന്റെ ഗൗരവം കുറച്ചു കാണിക്കുകയും അത് ചെയ്യുന്നതിലേക്ക് അയാളെ എത്തിക്കുകയും ആ അധികരിച്ച ശിക്ഷ സ്ഥിരപ്പെട്ടതാവുകയും ചെയ്താൽ അയാൾ ആ ശിക്ഷയ്ക്ക് അർഹനായിത്തീരുകയോ അല്ലെങ്കിൽ ശിക്ഷയ്ക്ക് അർഹമാകുന്ന കാര്യം ചെയ്തവനെന്ന അവസ്ഥയിലോ അയിരിക്കും.

ചുരുക്കത്തിൽ അബദ്ധം സംഭവിക്കുന്നത് രണ്ടു രൂപത്തിലുള്ള ധാരണകളിലാണ്. ശിക്ഷയെ സ്ഥിരീകരിക്കുന്ന വിധത്തിൽ കണക്കാക്കുന്നതും സ്ഥിരീകരിക്കാതിരിക്കുന്ന വിധത്തിൽ കണക്കാക്കുന്നതും സമമാണ്. എന്നാൽ ശിക്ഷയെ സ്ഥിരീകരിക്കുന്ന വിധത്തിൽ കണക്കാക്കലാണ് ശിക്ഷയിൽ നിന്ന് രക്ഷക്കുള്ള ഏറ്റവും ഗുണകരമായ മാർഗം. അതുകൊണ്ട് അതിനെയാണ് ഏറ്റവും കരണീയമായി കാണുന്നത്.

ഇക്കാരണത്താൽ പണ്ഡിതന്മാർ പൊതുവിൽ നിഷിദ്ധത്തിന്റെ തെളിവിനെയാണ് അനുവദനീയത്തിന്റെ തെളിവിനെക്കാൾ പ്രബലമായി പരിഗണിക്കുന്നത്. ഭൂരിഭാഗം പണ്ഡിതന്മാരും വിധിവിലക്കുകളുടെ കാര്യത്തിൽ സൂക്ഷ്മതയുടെ മാർഗം അവലംബിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ വിവേക ശാലികൾക്കിടയിൽ പൊതുവിൽ നല്ലതെന്ന് അഭിപ്രായപ്പെടുന്ന ഒരു കാര്യം ചെയ്യലാണ് അതിലെ സൂക്ഷ്മത. ശിക്ഷയെ സ്ഥിരീകരിക്കുന്നതിനെക്കാൾ അതിനെ നിരാകരിക്കലാണ് ഉത്തമമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ ചർച്ചയിലുള്ള പ്രസ്തുത ഹദീഥിനെ മാറ്റിനിറുത്തിയാൽ തന്നെ ശിക്ഷയുണ്ടെന്നും രക്ഷപ്രാപിക്കണമെന്നുമുള്ള ഏതിർപ്പുകളില്ലാത്ത രണ്ടു തെളിവുകൾ ശേഷിക്കുകയാണ്. ●


ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ബാലപഥം



# ചുമടേറ്റിയ പ്രവാചകൻ

ഒരുനാൾ തിരുനബി
നടന്നുപോകുന്നേരം
വഴിയിൽ വെച്ചു കണ്ടു
വയസ്സായൊരു സ്ത്രീയെ.
വലിയ ചുമടേറ്റാൻ
വയ്യാത്ത വിഷമത്തിൽ
നിന്നിടുമവർക്കായി
ചുമടേറ്റുന്നു നബി!
ചുമടുമേറ്റി നബി
നടന്നു വൃദ്ധയ്ക്കൊപ്പം,
വൃദ്ധതൻ വീട്ടിലെത്തി
ചുമടിറക്കി നബി.
തിരിച്ചു പോകാൻ നബി
തുനിഞ്ഞ സമയത്ത്
സ്ത്രീയതാ പറയുന്നു:
'മോനേ, നീ നല്ലവനാ...
മക്കത്ത് പുതിയൊരു
മതവുമായി വന്ന
മുഹമ്മദിന്റെ കൂടെ
കൂടല്ലേ ചീത്തയാകും.'
അന്നേരം പുഞ്ചിരിയാൽ
പറഞ്ഞു നബിയുല്ലാ:
'ഞാൻ തന്നെ മുഹമ്മദ്
അല്ലാഹുവിന്റെ ദൂതൻ.'
ഞെട്ടിപ്പോയ് വൃദ്ധയപ്പോൾ
മുമ്പിലായ് നിന്നിടുന്ന
വ്യക്തിയാണെന്നോ നബി?
തെറ്റെന്നിൽ പറ്റിപ്പോയി!
ഇത്രയും നന്മയുള്ള
നബിതൻ മാർഗമത്
സത്യമാർഗമാം തീർച്ച
ഞാനതിൻ ഭാഗമാകാം.
ഇവ്വിധം മനസ്സിനെ
മാറ്റുവാൻ കഴിഞ്ഞത്
നബിതൻ സ്വഭാവത്തിൻ
മഹിമ കൊണ്ടാണല്ലോ.




# കുഞ്ഞനുറുമ്പുകൾ

കുറുമ്പു കാട്ടി വരുന്നത് കണ്ടോ
കുഞ്ഞനുറുമ്പുകള്
പഞ്ചാരത്തരി കട്ടുവിഴുങ്ങും
കുഞ്ഞനുറുമ്പുകള്
മണ്ണിന്നടിയിൽ വീടുണ്ടാക്കും
കുഞ്ഞനുറുമ്പുകള്
തിന്നാനുള്ളത് സൂക്ഷിക്കുന്നവർ
വിരുതനുറുമ്പുകള്
വേലയെടുക്കാൻ മടിയില്ലാത്ത
പാവമുറുമ്പുകള്
ഒത്തൊരുമിച്ച് ജീവിക്കുന്നവർ
കുഞ്ഞനുറുമ്പുകള്
വരിവരിയായി പോകുന്നവരാം
കുഞ്ഞനുറുമ്പുകള്

അബ്ദുൽ മുസ്വവ്വിർ
mail@nerpatham.com

# ഓർമയും മസ്തിഷ്‌കവും

**ഇ**ന്ദ്രിയങ്ങളിലൂടെ തലച്ചോറിലെത്തി അവിടെ തിരിച്ചറിഞ്ഞ് ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ ഒരു സമാഹാരമാണ് ഓർമ. ശബ്ദമായി, കാഴ്ചയായി, രുചിയായി, ഗന്ധമായി...അങ്ങനെ പലതരത്തിൽ ഓർമകൾ ശേഖരിക്കപ്പെടുന്നുണ്ട്. പിന്നീട് വീണ്ടെടുക്കപ്പെടാവുന്ന വിധമാണ് തലച്ചോറിൽ അത് കോഡ് ചെയ്യപ്പെടുന്നത്. കണ്ണിലൂടെയും മൂക്കിലൂടെയും ചർമത്തിലൂടെയും നാക്കിലൂടെയും ചെവിയിലൂടെയുമെല്ലാം ഒട്ടേറെ സംവേദനങ്ങൾ നമ്മുടെ തലച്ചോറിൽ എത്തുന്നുണ്ട്. എന്നാൽ ഇത്തരം സംവേദനങ്ങളിൽ പലതും ഓർമകളായി മാറുന്നില്ല.

**എന്തെല്ലാം ഓർക്കണം?**

തലച്ചോറിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന വിവരങ്ങളിൽ എന്തെല്ലാം ഓർക്കണം എന്ന് നമ്മൾ ഓരോരുത്തരുമാണ് തീരുമാനിക്കുന്നത്. ഓർമകൾ ശേഖരിക്കപ്പെടുന്നതു മുതൽ തിരിച്ചെടുക്കുന്നത് വരെയുള്ള കാര്യങ്ങൾ മസ്തിഷ്‌കത്തിലെ വിവിധ ഭാഗങ്ങളിലാണ് നടക്കുന്നത്. സങ്കീർണമായ ഒരു പ്രക്രിയയാണ് ഇത്. പ്രധാനമായി മൂന്ന് ഘട്ടങ്ങളിലൂടെയാണ് ഇത് സാധ്യമാകുന്നത്:

**ശേഖരണം**

ഇന്ദ്രിയങ്ങളിലൂടെ എത്തുന്ന വിവരങ്ങൾ ആദ്യം തിരിച്ചറിയപ്പെടുകയും ശേഖരിക്കപ്പെടുകയും ചെയ്യുന്നത് തലച്ചോറിലെ ഫ്രോണ്ടൽ ലോബിലാണ്.

**ഉറപ്പിക്കൽ**

ടെംപറൽലോബിൽ വെച്ചാണ് ഓർമകളുടെ എൻകോഡിംഗ് നടക്കുന്നത്. പ്രത്യേകിച്ച് ടെംപറൽ ലോബിലെ ഹിപ്പോ കാംപസ്, അമിഡ്ഗല എന്നിവിടങ്ങളിൽ. അടുത്തഘട്ടം വിവരങ്ങൾ ഉറപ്പിച്ചു നിർത്തുക എന്നതാണ്. ഇത് പ്രധാനമായും നടക്കുന്നത് ഹിപ്പോകാംപസിലാണ്.

**വീണ്ടെടുക്കൽ**

വിവരങ്ങളെ വീണ്ടെടുക്കുന്നതാണ് അടുത്ത ഘട്ടം. ഹിപ്പോകാംപസ്, അമിഡ്ഗല, ഓക്സിപിറ്റൽ ലോബ് തുടങ്ങിയ തലച്ചോറിന്റെ ഭാഗങ്ങൾ ഇതിൽ പങ്കാളികളാകുന്നുണ്ട്. ദീർഘകാല ഓർമകൾ തിരഞ്ഞെടുക്കപ്പെടുന്നത് ഹിപ്പോകാംപസിലൂടെയാണ്. ഇവിടെയുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും നമ്മുടെ ഓർമശക്തിയെ സ്വാധീനിക്കും. വൈകാരിക സ്വഭാവമുള്ള ഓർമകൾ തിരഞ്ഞെടുക്കപ്പെടുന്നത് അമിഡ്ഗലയിൽ നിന്നാണ്. കാഴ്ചയുമായി ബന്ധപ്പെട്ട ഓർമകൾ വീണ്ടെടുക്കുന്നതാകട്ടെ ഓക്സിപിറ്റൽ ലോബിലൂടെയും.

**തലച്ചോറിലെ ഇടതും വലതും**

തലച്ചോറിന്റെ ഇടതുഭാഗമാണ് യുക്തിപരവും ഗണിതപരവുമായ കാര്യങ്ങൾ കണക്കാക്കുന്നതും തീരുമാനമെടുക്കുന്നതും. കലാപരവും വൈകാരികവുമായ കാര്യങ്ങൾ സൂക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും തലച്ചോറിന്റെ വലതുഭാഗമാണ്.

**മറന്നുപോകുന്നത് എന്തുകൊണ്ട്?**

ഓരോ സമയവും മസ്തിഷ്‌കത്തിലേക്ക് ഒരുപാട് കാര്യങ്ങൾ എത്തിച്ചേരുന്നുണ്ട്. അതുകൊണ്ടു തന്നെ പഴയ ഓർമകൾ സ്വാഭാവികമായി മാഞ്ഞുപോകുന്നതാണ് ഒരു കാരണം. വിവരങ്ങളുടെ കൂടിക്കുഴലാണ് മറ്റൊന്ന്. അതായത് മസ്തിഷ്‌കത്തിലേക്ക് എത്തുന്ന പുതിയ വിവരം പഴയൊരു ഓർമയുമായി കുടിക്കുഴയുന്നു. അതോടെ പഴയ കാര്യങ്ങൾ ഓർക്കാൻ കഴിയാതാവുന്നു. തലച്ചോറിലത്തുന്ന വിവരങ്ങൾ ശരിയായവിധം ശേഖരിക്കാൻ കഴിയാതിരിക്കുന്നതും മറവിയിലേക്ക് നയിക്കുന്നു.

ചില കാര്യങ്ങൾ മനസ്സിൽ അടക്കിയൊതുക്കി വയ്ക്കാനും മനഃപൂർവം മറക്കാനും നാം ശ്രമിക്കാറുണ്ട്; ഇഷ്ടമില്ലാത്ത സംഭവങ്ങൾ, ദൃശ്യങ്ങൾ തുടങ്ങിയവ. അപ്പോൾ മനഃസമ്മർദം കൂടുകയും ആവശ്യമുള്ള കാര്യങ്ങൾ പോലും മറന്നുപോവുയോ ഓർമിക്കാൻ സാധിക്കാതെ വരികയോ ചെയ്യും. വിഷാദം,മാനസിക സമ്മർദം, തൈറോയ്ഡ് രോഗങ്ങൾ, മദ്യപാനം തുടങ്ങിയവയും മറവിക്ക് കാരണമാകാറുണ്ട്. (അവലംബം).

പി.വി.എ പ്രിംറോസ്
anilprimrose@gmail.com



# ‘നിങ്ങൾക്ക് അധികാരമുണ്ട്, എനിക്ക് തത്ത്വദീക്ഷയും’

‘Have principle and no power.’ 2011 ഗുജറാത്ത് വംശഹത്യയുടെ പശ്ചാത്തലത്തിൽ ഐ.പി.എസ് ഉദ്യോഗസ്ഥനായിരുന്ന സഞ്ജീവ് ഭട്ട് അന്നത്തെ മുഖ്യമന്ത്രി നരേന്ദ്ര മോഡിക്ക് എഴുതിയ കത്ത് ഉപസംഹരിക്കുന്നത് ഈ വാചകത്തോട് കൂടിയാണ്. ഗുൽബർഗ് സൊസൈറ്റിയിൽ കൊല ചെയ്യപ്പെട്ട ഇഹ്സാൻ ജാഫ്രി എം.പിയുടെ ഭാര്യ സാക്കിയ ജാഫ്രി നൽകിയ ഹർജിയിൽ മോഡിക്ക് കോടതി നൽകിയ ക്ലീൻചിറ്റിന്റെ സാഹചര്യത്തിൽ ബറോഡ എം.എസ് സർവകലാശാല വിദ്യാർഥി ഭുചുംഗ് സോനം എഴുതിയ ഈ വരികൾ സത്യത്തിനും നീതിക്കും വേണ്ടി കുരിശുയുദ്ധം നടത്തുന്നവരുടെ ആത്മവീര്യം ഉൾചേർന്നതാണെന്ന് അന്ന് സഞ്ജീവ് ഭട്ട് കത്തിൽ കുറിച്ചിരുന്നു. ഭട്ട് ഇന്ന് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലിലാണ്. തെളിയിക്കപ്പെട്ട കുറ്റങ്ങളൊന്നും അദ്ദേഹത്തിന്റെ പേരിൽ ഇല്ല താനും.

പറഞ്ഞുവരുന്നത് പുതിയൊരു കത്തിനെ കുറിച്ചാണ്. വർധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾക്കെതിരെ പ്രതികരണമറിയിച്ച് പ്രധാനമന്ത്രിക്ക് കത്തെഴുതിയതിന്റെ പേരിൽ അടൂർ ഗോപാലകൃഷ്ണൻ, നടി രേവതി, രാമചന്ദ്ര ഗുഹ, ശ്യാം ബെനഗൽ, ബോളിവുഡ് സംവിധായകൻ അനുരാഗ് കശ്യപ്, സംവിധായിക അപർണ സെൻ, നടി കൊങ്കണ സെൻ ശർമ്മ, സൗമിത്രോ ചാറ്റർജി, മണിരത്നം, അനുരാധ കപൂർ, അതിഥി ബസു, അമിത് ചൗധരി തുടങ്ങി ചലചിത്ര-സാംസ്കാരിക രംഗത്തെ 49 പേർ ഒപ്പിട്ടയച്ച കത്താണ് ഇപ്പോൾ മീഡിയയിൽ നിറഞ്ഞു നിൽക്കുന്നത്.

ജയ് ശ്രീറാം എന്നത് കൊലവിളിയായി മാറിയെന്നും ദൈവത്തെ അപകീർത്തിപ്പെടുത്തുന്ന അത്തരം പ്രവർത്തനങ്ങൾക്ക് കൂച്ചുവിലങ്ങിടേണ്ടതുണ്ടെന്നും സൂചിപ്പിക്കുന്ന കത്തിനെ മുഖവിലക്കെടുക്കേണ്ടതിന് പകരം പ്രധാനമന്ത്രിയുടെ പ്രതിച്ഛായ തകർക്കാനും രാജ്യത്തെ ഇകഴ്ത്തിക്കാട്ടാനും ശ്രമിച്ചെന്ന പേരിൽ ബീഹാർ മുസഫർപൂരിലെ സദർ പൊലീസ് സ്റ്റേഷൻ കത്തെഴുതിയവർക്കെതിരെ കേസെടുത്തിരിക്കുകയാണ്.

ആർട്ടിക്ൾ 19 പ്രകാരം പൗരന് വകവെച്ച് നൽകിയ അഭിപ്രായസ്വാതന്ത്ര്യത്തിന് മേലുള്ള പച്ചയായ അവകാശനിഷേധമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. സർക്കാരിനെ വിമർശിക്കുന്നത് രാജ്യവിമർശനമായി പരിചയപ്പെടുത്തുകയും ദേശദ്രോഹത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും അർബൺ നക്സ്ലൈറ്റുകളായി ചിത്രീകരിക്കുകയും ചെയ്യുന്നത് ഒരു സംസ്കൃത സമൂഹത്തിന് ഭൂഷണമല്ല.

National Crime Records Bureau(NCRB)യുടെ 2016ലെ കണക്ക് പ്രകാരം ദളിതർക്കു നേരെ 840തിൽ കുറയാത്ത അതിക്രമങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ആ അതിക്രമത്തിനെതിരെ കുറ്റം ചുമത്തപ്പെട്ടവരുടെ എണ്ണം വളരെ കുറവാണ് താനും. ചുമത്തിയ കുറ്റപത്രമാവട്ടെ നിരുത്തരവാദിത്വം വിളിച്ചോതുന്നവയും ലൂപ്ഹോളുകളാൽ സമ്പന്നവുമായിരുന്നു. മതവെറിയുടെ പേരിൽ മാത്രം 2009 ജനുവരി ഒന്നിനും 2018 ഒക്റ്റോബർ 29നും ഇടയിൽ 254 കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അതിൽ 91 പേർക്ക് ജീവൻ നഷ്ടപ്പെടുകയും 579 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിരിക്കുന്നു. ഇന്ത്യയുടെ ജനസംഖ്യയിൽ 14% വരുന്ന മുസ്ലിംകളായിരുന്നു 62%ത്തോളം വരുന്ന കേസുകളിലും ഇരയാക്കപ്പെട്ടവർ എന്നും ജനസംഖ്യയിലെ 2% വരുന്ന ക്രിസ്ത്യൻ മതവിഭാഗത്തിൽപ്പെട്ടവരായിരുന്നു 14% കേസുകളിലേയും ഇരകൾ എന്നുമാണ്. The citizens religious hate Crime watch രേഖപ്പെടുത്തിയിരിക്കുന്നത്. മോഡി സർക്കാർ അധികാരമേറ്റ് 2014 മേയ് 14ന് ശേഷമാണ് ഈ ആക്രമണങ്ങളിൽ 90% നടന്നത് എന്നത് കൂടി ഇതോടൊന്നിച്ച് ചേർത്ത് വായിക്കുക.

ഓരോ പ്രഭാതത്തിലും മാധ്യമങ്ങളിലൂടെ കണ്ണോടിക്കുന്നവരുടെ ഉള്ളുലക്കുന്ന ഈ യാഥാർഥ്യങ്ങളെ കണ്ണടച്ച് നിഷേധിക്കുന്നതിന് പകരം തുല്യനീതി നടപ്പാക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളാണ് ഭരണകൂടത്തിന്റെ ഭാഗത്തു നിന്നുണ്ടാവേണ്ടത്.

രണ്ടാം ലോക മഹായുദ്ധകാലത്ത് നാസികളുടെ ദുഷ്ചെയ്തികൾക്കെതിരെ പ്രതികരിച്ചവരുടെ രചനകളെ തല്ലിത്തകർത്ത ഭരണകൂട ഭീകരതയ്ക്കെതിരെ നിലകൊണ്ട ഹോളോകോസ്റ്റ് ഓഫ് ബുക്സ് സമരരീതിയെ അഭിസംബോധന ചെയ്തുകൊണ്ട് പിന്നീട് ഹെലൻ കെല്ലർ എഴുതിയ വരികൾ ഇന്നും പ്രസക്തമാണ്. “അക്ഷരങ്ങളെയും ആശയങ്ങളെയും എന്നെന്നേക്കും നശിപ്പിക്കാമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങളെ ചരിത്രം ഒന്നും പഠിപ്പിച്ചിട്ടില്ലെന്ന് ഞാൻ പറയും. ഏകാധിപതികൾ മുമ്പും ഇങ്ങനെയൊക്കെ ചെയ്തിട്ടുണ്ട്. എന്നാൽ ആശയങ്ങൾ ഉയിർത്തെഴുന്നേൽക്കും, കാരണം അത് എല്ലാ കാലത്തേക്കും വേണ്ടി രചിക്കപ്പെട്ടതാണ്.” ●

പി.വി ഉമർകുട്ടി ഹാജി (റഹി)
തയ്യാറാക്കിയത്: യൂസുഫ് സാഹിബ് നദ്‌വി



ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും: 7




മർഹൂം പി.വി. മുഹമ്മദാജി ഉൽപതിഷ്ണു ആയിരുന്നു. 1921ൽ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ കോളിളക്കം ഈ പ്രദേശത്തേക്കും വ്യാപിച്ചുതുടങ്ങി. ഗാന്ധിജി, മൗലാനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി- ഇവരുടെ ആഹ്വാനമാണ് ഈ പ്രദേശത്ത് ചലനം സൃഷ്ടിച്ചത്. തുർക്കികളും ബ്രിട്ടീഷുകാരും തമ്മിലുണ്ടായ യുദ്ധത്തിൽ മുസ്‌ലിംകളോട് ബ്രിട്ടീഷുകാർ ചെയ്ത വാഗ്ദാന ലംഘനത്തിൽ മുസ്‌ലിം നേതാക്കന്മാർക്കും പണ്ഡിതന്മാർക്കും ഉണ്ടായിരുന്ന അരിശം, കുടിയാന്മാരോട് ജന്മിമാരുടെ പരുഷമായ പെരുമാറ്റം, ഭൂമിക്ക് അമിതമായ പാട്ടം വസൂലാക്കൽ, ഭൂമി ജപ്തി ചെയ്ത് കുടിയൊഴിപ്പിക്കൽ, ഭൂമി ചാർത്തിക്കൊടുത്തിരുന്ന കുടിയാന്മാരുടെ ചാർത്ത്കാലം കഴിയുന്നതിന് മുമ്പായി തന്നെ ജന്മികൾ കൂടുതൽ പാട്ടത്തിന് ഭൂമി മേക്കാണം ചാർത്തിക്കൊടുക്കുന്ന സമ്പ്രദായം, ഭൂമിയിൽ കുടിയാന്മാർക്ക് ഒരിക്കലും അവകാശ സ്ഥിരതയില്ലാത്ത പരിതസ്ഥിതി, കഴിച്ചിട്ടുണ്ടാക്കുന്ന കഴിക്കൂറുകൾ ജന്മിക്കായി മാറുന്ന അവസ്ഥ... അങ്ങനെ ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള ബന്ധത്തിൽ ഒരു സ്ഫോടനാവസ്ഥ നിലനിൽക്കുകയായിരുന്നു. ഭൂമി മുഴുവൻ ദേവസ്വം അല്ലെങ്കിൽ ബ്രഹ്മസ്വം അല്ലെങ്കിൽ പല നമ്പൂതിരി തറവാടിന്റെയും കോവിലകങ്ങളുടെയും ഉടമസ്ഥതയിലായിരുന്നു. മലവാരങ്ങളുടെ സ്ഥിതിയും അങ്ങനെ തന്നെ.

ജന്മി-കുടിയാന്മാർ തമ്മിലുണ്ടായ കാർഷിക വിപ്ലവത്തോട് സഹകരിക്കാനും ബ്രിട്ടീഷ് മേധാവിത്വത്തോട് നിസ്സഹകരിക്കാനും ഖിലാഫത്ത് നേതാക്കളുടെ ആഹ്വാനം ഉണ്ടായിരുന്നു. എന്നാൽ അവർ വിഭാവനം ചെയ്തിരുന്നത് ഒരു സായുധ വിപ്ലവമായിരുന്നില്ല; നിസ്സഹകരണമായിരുന്നു.

ബ്രിട്ടീഷുകാർ ഈ സമരം ഒരു ഹിന്ദു മുസ്‌ലിം ലഹളയാക്കി മാറ്റാനും ഒരു സായുധ വിപ്ലവമാക്കി തീർക്കാനും ശ്രമിക്കുകയും അത് ഏറെക്കുറെ വിജയിക്കുകയും ചെയ്തു. അന്നത്തെ മലബാർ കളക്ടർ തോമസ് ഒരു പരുഷ സ്വഭാവി ആയിരുന്നു. അദ്ദേഹത്തിന്റെ നയവൈകല്യങ്ങളാണ് ഈ നാട്ടിൽ കലാപം ആളിക്കത്താൻ ഇടവരുത്തിയത് എന്ന് മലബാർ കലാപത്തെ ആധാരമാക്കിയെഴുതിയ പുസ്തകങ്ങളിലൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടത്തെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാവ് പി.വി. മുഹമ്മദാജി ആയിരുന്നു.

അക്കാലത്ത് മൗലാനാ ഷൗക്കത്തലിയും ഗാന്ധിജിയും ഒന്നിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളം പര്യടനം നടത്തി. ഹിന്ദുക്കളും മുസ്‌ലിംകളും ഖിലാഫത്ത് പ്രസ്ഥാനത്തിൽ ഒന്നിച്ച് പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തിരുന്നു. ഖിലാഫത്ത് നേതാക്കളുടെ നിദേശപ്രകാരം മുഹമ്മദാജി എടവണ്ണയിൽ തന്റെ പീടികമുകളിൽ ഒരു ചർക്കാ കേന്ദ്രം തുറന്നു പ്രവർത്തിച്ചിരുന്നു. 28 ചർക്കകൾ വാങ്ങി സ്ത്രീകളെയും കുട്ടികളെയും പങ്കെടുപ്പിച്ച് നൂല് നൂൽപ്പുശാല നടത്തി. അതുപോലെ തന്നെ തിരുവിതാംകൂർകാരൻ ഒരു മൗലവിയെ വീട്ടിൽ താമസിപ്പിച്ചു ഹിന്ദുസ്ഥാനി[40] പഠിപ്പിക്കാൻ ഒരു സ്ക്കൂൾ സ്ഥാപിച്ചു നടത്തുകയും ചെയ്തു.

വിദേശ വസ്തുക്കൾ ബഹിഷ്ക്കരിക്കുക, സ്വദേശി വസ്ത്രങ്ങളോടും സ്വദേശത്തോടും കൂറു പുലർത്തുക, ബ്രിട്ടീഷുകാരോടും ബ്രിട്ടീഷ് സംസ്കാരത്തോടും വെറുപ്പ് പ്രകടിപ്പിക്കുക മുതലായ നയമായിരുന്നു സ്വീകരിച്ചിരുന്നത്. ആ അടിസ്ഥാനത്തിലാണ് മതപണ്ഡിതന്മാർ ഇംഗ്ലീഷ് പഠിക്കാനും പഠിപ്പിക്കാനും പാടില്ലെന്നും, ഇംഗ്ലീഷ് ഭാഷ നരകത്തിലെ ഭാഷയാണെന്നും പ്രചരിപ്പിച്ചു കൊണ്ടിരുന്നത്.[41] തിരൂരങ്ങാടി പള്ളിക്ക് ബ്രിട്ടീഷ് പട്ടാളം വെടിവെച്ച വാർത്ത കേട്ടപാടെ മുസ്‌ലിംകളിൽ ബ്രിട്ടീഷ് വിരോധം ആളിക്കത്തി.

നിസ്സഹകരണ പ്രസ്ഥാനം സായുധ വിപ്ലവമായി മാറിയപ്പോൾ മുഹമ്മദാജിയും ജ്യേഷ്ഠന്മാരും എടവണ്ണക്ക് താമസം മാറ്റി. പി.വി.കോയമാമു എന്നവരുടെ ആവശ്യപ്രകാരമായിരുന്നു അവർ എടവണ്ണയിലേക്ക് മാറി താമസിച്ചത്. നാടിന്റെ പലഭാഗങ്ങളിലുള്ള പ്രബലന്മാരെ കൂട്ടുപിടിച്ച് നാട്ടിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള ഒരു നയം ബ്രിട്ടീഷുകാർക്കുണ്ടായിരുന്നു. ഈ അടിസ്ഥാനത്തിലാണ് പി.വി. കോയമാമു സാഹിബിനെ പോലീസിന്റെയും പട്ടാളത്തിന്റെയും കൂട്ടാളിയായി പോലീസ് കണ്ടെത്തിയത്. കോയമാമു സാഹിബ് പട്ടാളത്തിന്റെയും പോലീസിന്റെയും മർദനത്തിൽനിന്ന് നാട്ടുകാരെ രക്ഷിക്കുവാൻ വേണ്ടി ബ്രിട്ടീഷ് മേധാവികളുമായും പോലീസ്-പട്ടാള മേധാവികളുമായും അടുത്തു പെരുമാറുകയും കൂട്ടുകാരായി പ്രവർത്തിച്ചു പോരുകയും ചെയ്തിരുന്നു.

അതേവരെ ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് എടവണ്ണ-ഒതായി പ്രദേശങ്ങളിലെ ആളുകൾക്ക് നേതൃത്വം നൽകിയിരുന്ന മുഹമ്മദാജി, എടവണ്ണയിലേക്ക് സ്ഥലം മാറിയതറിഞ്ഞ് ലഹളക്കാർ അമർഷംപൂണ്ട് നിരാശാകുലരായിരിക്കുമ്പോഴാണ് വാരിയൻകുന്നത്ത് കുഞ്ഞഹമ്മദാജിയും കൂട്ടരും നിലമ്പൂർ കോവിലകം കൊള്ളയടിച്ച് അവിടെനിന്ന് അരീക്കോട് എത്തിയിട്ടുണ്ട് എന്ന വാർത്ത ഒതായി അറിയുന്നത്. ഒതായിയിലെ നേതാക്കളായ ചെറാതൊടിക[42] മമ്മദാജി, വലിയപീടിയക്കൽ ബീരാൻകുട്ടി ഹാജി മുതലായ ഒരുകൂട്ടം ആൾക്കാർ അരീക്കോട്ട് പോയി കുഞ്ഞഹമ്മദാജിയെ കണ്ട് സംസാരിച്ചു. കുഞ്ഞഹമ്മദ് ഹാജിയും കൂട്ടരും കൊണ്ടോട്ടി തങ്ങളുടെ തക്കിയ വളയാൻ ഒരുക്കം കൂട്ടുകയായിരുന്നുവത്രെ. അവിടെവെച്ചാണ് ഈ രണ്ട് ഹാജിമാരെയും ഒതായി ഭാഗത്ത് അമീറന്മാരായി കുഞ്ഞഹമ്മദാജി നിശ്ചയിച്ചത്.

**മൗലാനാ ഷൗക്കത്തലിയും ഗാന്ധിജിയും ഒന്നിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളം പര്യടനം നടത്തി ഹിന്ദുക്കളും മുസ്‌ലിംകളും ഖിലാഫത്ത് പ്രസ്ഥാനത്തിൽ ഒന്നിച്ച് പ്രവർത്തിക്കാൻ ആഹ്വാനം ചെയ്തിരുന്നു. ഖിലാഫത്ത് നേതാക്കളുടെ നിദേശപ്രകാരം മുഹമ്മദാജി എടവണ്ണയിൽ തന്റെ പീടികമുകളിൽ ഒരു ചർക്കാ കേന്ദ്രം തുറന്നു പ്രവർത്തിച്ചിരുന്നു. 28 ചർക്കകൾ വാങ്ങി സ്ത്രീകളെയും കുട്ടികളെയും പങ്കെടുപ്പിച്ച് നൂല് നൂൽപ്പുശാല നടത്തി. അതുപോലെ തന്നെ തിരുവിതാംകൂർകാരൻ ഒരു മൗലവിയെ വീട്ടിൽ താമസിപ്പിച്ചു ഹിന്ദുസ്ഥാനി പഠിപ്പിക്കാൻ ഒരു സ്ക്കൂൾ സ്ഥാപിച്ചു നടത്തുകയും ചെയ്തു.**

അമീറന്മാരായ വീരാൻകുട്ടി ഹാജിയും മമ്മദാജിയും കൂട്ടുകാരും മടങ്ങി വരുമ്പോൾ നിലമ്പൂർ കോവിലകം വക വേക്കോട് കളം കൊള്ളയടിക്കുകയും അവിടെയുണ്ടായിരുന്ന നെല്ലും മറ്റും നാട്ടുകാർക്ക് വിതരണം ചെയ്യുകയും കൊണ്ടുവരാൻ പറ്റുന്നിടത്തോളം കൊണ്ടു പോരുകയും ചെയ്തു. പിന്നെ അവർ ഒതായിയിൽ വന്നു. പി.വി. മുഹമ്മദാജിയുടെയും ജ്യേഷ്ഠൻ ആലസ്സൻ കുട്ടിയുടെയും രണ്ട് വലിയ പീടികയും വീടും കൊള്ളയടിക്കുകയും തീവെച്ച് നശിപ്പിക്കുകയും ചെയ്തു.

ഒതായിയിലെ ഭീകരാവസ്ഥ അമർച്ച ചെയ്യാൻ പട്ടാളം ഒതായിലേക്ക് മാർച്ച് ചെയ്യാൻ തീരുമാനിച്ചു. കോയമാമു സാഹിബ് ഉടനെ ഒതായിയിലേക്ക് ആളെ അയച്ചു. നാലോ അതിൽ കൂടുതൽ ആളുകളോ എവിടെയും കൂടി നിൽക്കരുത്, പട്ടാളം അങ്ങോട്ട് വരികയാണ്, വെടിപൊട്ടും എന്നുകണ്ടാൽ ഉടൻ നിലത്ത് പതിഞ്ഞു കിടക്കണം, കഴിയുന്നതും വീട്ടിൽനിന്നും പുറത്തിറങ്ങാതെ അകത്തുതന്നെ ഒതുങ്ങിക്കൂടണം... എന്നും മറ്റും അറിയിച്ചു.

വിവരം കിട്ടിയ ഉടനെ അമീറന്മാരായ മമ്മദാജിയും വീരാൻ കുട്ടി ഹാജിയും നാട്ടുകാരോട് എല്ലാവരോടും പള്ളിയിൽ കൂടുവാൻ ആഹ്വാനം ചെയ്തു. ഒരു മൂരിയെ പള്ളിക്കൽ വെച്ച് അറുത്ത് ഇറച്ചിയും ചോറും ഉണ്ടാക്കി. അമീറന്മാർ എത്തിയിരുന്നില്ല. പള്ളിയിൽനിന്ന് കൂട്ടബാങ്ക് മുഴങ്ങി. ഒരു മുപ്പത്തിനാലോ മുപ്പത്തി അഞ്ചോ ആൾക്കാർ പള്ളിയിൽ ഒത്തുകൂടി.

ചോറുതിന്നുന്നതിന്റെ മുമ്പുതന്നെ പട്ടാളം പറക്കുന്നിന്റെ തടത്തിൽ എത്തി. അനുവാദത്തോടേ കോയമാമു സാഹിബ് അവിടെ നിന്ന് ഇറങ്ങിവന്ന് പള്ളിയിൽനിന്ന് സമാധാനമായി പിരിഞ്ഞുപോകണം. പട്ടാളം വന്നത് അക്രമം തടയാനും നാട്ടിൽ സമാധാനം പാലിക്കാനും വേണ്ടിയാണ്. ആരെയും ഉപദ്രവിക്കാനല്ല എന്നാവശ്യപ്പെട്ടു. തിരൂരങ്ങാടി പള്ളിക്ക് വെടിവെച്ച പട്ടാളത്തെ ഒതായി പള്ളി അക്രമിക്കാൻ സമ്മതിക്കയില്ല എന്നായിരുന്നു അവരുടെ പ്രധാന നിശ്ചയം.

പള്ളിയിൽ കൂടിയവർ കൂട്ടത്തോടെ തക്ബീർ മുഴക്കി. വാതിലുകൾ കൊട്ടിയടച്ചു. അപ്പോഴേക്കും പട്ടാളം അവിടെയെത്തി. കോയമാമു സാഹിബ് പിൻവാങ്ങി. പട്ടാളം പള്ളിയുടെ മുറ്റത്തെത്തി. എല്ലാവരോടും പിരിഞ്ഞു പോകാൻ ആവശ്യപ്പെട്ടു. ആരും പിരിഞ്ഞുപോയില്ല. കൂടുതൽ ശബ്ദത്തോടെ തക്ബീർ മുഴക്കുവാൻ തുടങ്ങി. മാത്രമല്ല പള്ളിയുടെ മുകളിൽനിന്നും ഒരു വെടി പൊട്ടി. പട്ടാളത്തലവൻ വീണുമരിച്ചു.

പട്ടാളം പള്ളി വളഞ്ഞു. പള്ളിയുടെ അകത്തേക്ക് വെടികളുതിർത്തു. പിന്നീട് പള്ളിയുടെ അകത്തേക്ക് ചാടിക്കയറി മുകളിൽ കയറി തട്ടുപലക അടർത്തി അകത്തേക്ക് ബോംബിട്ട ശേഷം പട്ടാളം താഴെയിറങ്ങി. മരിക്കാത്തവരെ ബയണറ്റ് കൊണ്ട് കുത്തിയും ബൂട്ടിട്ട് ചവിട്ടിയും കൊന്നു. അങ്ങിനെ പള്ളിയിൽ 32 പേർ മരിച്ചു.

അടങ്ങാത്ത ബ്രിട്ടീഷ് വിരോധത്തിന്റെയും സ്വാതന്ത്ര്യ ദാഹത്തിന്റെയും പേരിൽ മാത്രമല്ല, തങ്ങളുടെ സർവസ്വവുമായ പള്ളിസംരക്ഷിക്കുക എന്ന ചുമതല നിർവഹിക്കാനുള്ള സമരത്തിൽ ആ പുണ്യാത്മാക്കൾ ജീവനൊടുക്കി.

പള്ളിയിൽ വെച്ച് മരിച്ചു എന്ന് കരുതി പട്ടാളം ഉപേക്ഷിച്ച കൂട്ടത്തിൽ മരിക്കാതെ ബാക്കിയായ പരശുരാമൻ കുന്നത്ത് ഉണ്ണ്യേൻ കുട്ടി[43], അധികാരത്ത് ആലിമമ്മദ് എന്നിവർ പിന്നെയും വളരെകാലം ജീവിച്ചു. പള്ളിയുടെ വാതിൽപൊളികളിലും ജനൽ അഴികളിലും ബ്രിട്ടീഷ് വെടിയുണ്ടകൾ കൊണ്ട പാടുകൾ ഇന്നും കാണാൻ സാധിക്കും. 1921ലെ കലാപം കാണിക്കുന്ന '1921'എന്ന ചലച്ചിത്രത്തിന്റെ നിർമാതാക്കൾ ഇവിടെവന്ന് പാടുകൾ ഒപ്പിയെടുക്കാൻ ശ്രമം നടത്തിയത് ഒട്ടും നന്നായില്ല എന്നാണ് എന്റെ മനോഭാവം.

ലഹളക്കാർ ഒതായിയിലെ പീടികയും പുരയും ചുട്ടുകൊള്ളയടിച്ച ശേഷം പാലപ്പറ്റ നടുവത്തേടത്ത് നമ്പൂതിരിപ്പാടിന്റെ കളവും കൊള്ളയടിക്കുകയുണ്ടായി. ഏലിയക്കോട് പാറക്കൽ പി.വി. മുഹമ്മദാജിയുടെ വീട് കൊള്ളയടിക്കാൻ ചെന്ന ലഹളക്കാർ അവിടെ കാവൽ നിന്നിരുന്ന ചാലിയത്തറക്കൽ ഉണ്ണ്യാലവി എന്ന പാറാവുകാരെനെയും അവിടെയുണ്ടായിരുന്ന കുതിരയെയും കളത്തിൽ കടവത്ത് കഴുത്തറ്റം വെള്ളത്തിൽ ഇറക്കിനിറുത്തി. ഉണ്ണ്യാലവിയുടെ തലവെട്ടാൻ വാളോങ്ങി.

“നിങ്ങളെന്നെ കൊല്ലരുതേ! എന്തുവേണമെങ്കിലും തരാം. ഞാൻ നിങ്ങളുടെ കൂടെ വരാം. യുദ്ധത്തിൽ പങ്കു ചേരാം. ഒരു തോക്കും കുറെ തിരകളും അവിടെയുണ്ട്. അതെടുത്ത് തരാം...” എന്നൊക്കെ പറഞ്ഞു കരഞ്ഞു. തോക്ക് എന്ന് കേട്ടപ്പോൾ ലഹളക്കാർക്ക് കൊതി തോന്നി. ഉണ്ണ്യലവിയെയും കുതിരയെയും കരക്ക് കയറ്റി വീട്ടിൽ കൊണ്ടുവന്നു. ഉണ്ണ്യലവി എടുത്തുകൊടുത്ത തോക്കും തിരകളും

വാങ്ങി കുതിരയേയുംകൊണ്ട് ലഹളക്കാർ പോയി.

തിരൂരങ്ങാടി പള്ളിയും മമ്പുറം പള്ളിയും ആക്രമിക്കുകയും മമ്പുറം സെയ്തലവി തങ്ങളെ അറസ്റ്റ് ചെയ്യുകയും ചെയ്ത ബ്രിട്ടീഷ് പട്ടാളം, ഒതായി പള്ളി ആക്രമിക്കാൻ വന്നപ്പോൾ അവരോട് എതിർത്തു മരിക്കുകയല്ലാതെ പേടിച്ചു കീഴടങ്ങാൻ പാടില്ല എന്ന വിശ്വാസമായിരുന്നു അവർക്കുണ്ടായിരുന്നത്. ആ വിശ്വാസത്തോടെ ധീരമായി പൊരുതി വീരമൃതു വരിച്ച യോദ്ധാക്കളുടെ പേരുവിവരം താഴെ ചേർക്കുന്നു.

ഈ ലഹള ഹിന്ദു-മുസ്‌ലിം ലഹളയാക്കി ബ്രിട്ടീഷുകാർ ചിത്രീകരിച്ചു എന്നല്ലാതെ ഒരിക്കലും ഒരു വർഗീയ ലഹളയായിരുന്നില്ല. ജന്മി കുടിയാൻ വിരോധവും ബ്രിട്ടീഷുകാരോടുള്ള വിരോധവും ബ്രിട്ടീഷുകാരെ സഹായിക്കുന്നവരോടും പ്രകടിപ്പിച്ചു എന്നാണ് ശരി. വെള്ളപ്പട്ടാളം അവരുടെ മരിച്ച തലവനെയും എടുത്ത് എടവണ്ണയിലേക്ക് പോയി.

എടവണ്ണ ചോലക്കൽ വി.പി. ഉസ്സൻ കുട്ടി ഹാജിയുടെ വീട്ടുവളപ്പിന്റെ താഴ്ഭാഗത്ത് റൈറ്റ് സൈഡിൽ ഒരു ശവകുടീരം ഉണ്ടാക്കി അവിടെ അടക്കം ചെയ്തു.(44)

ഒരു മുപ്പതുകൊല്ലം മുമ്പുവരെ പട്ടാള ബഹുമതിയോടുകൂടി തന്നെ അത് അവിടെ നിലകൊള്ളുകയുണ്ടായി. പിന്നീട് അത് പൊളിച്ചു. വള്ളുവമ്പുറത്തുണ്ടായിരുന്ന ഹിച്ച്കോക്കിന്റെ(45) ശവകുടീരത്തോടൊപ്പം ബ്രിട്ടനിലേക്ക് കൊണ്ടുപോയി എന്നാണ് അറിയുന്നത്.(46)

പട്ടാളം തിരിച്ചുപോയതിന് ശേഷം നാട്ടുകാർ പള്ളിയിൽ വന്ന് മരിച്ചവരെ ആ ശഹീദിന്റെ പദവിയിൽ തന്നെ കുളിപ്പിക്കാതെ മുറ്റത്ത് ഒരു കിടങ്ങ് കീറി, ഈ 32 പേരെയും നിരത്തിക്കിടത്തി കുറെ പായ മേലെയിട്ട് ഒന്നായി മറവുചെയ്യുകയാണുണ്ടായത്. ഒതായി പള്ളിയിലെ ശുഹദാക്കൾക്ക് പല നേർച്ചകളും വളരെകാലം നടത്തിക്കൊണ്ടിരുന്നു.

അന്ന് ഒതായി പള്ളിയിൽ മരിച്ചവരുടെ കണക്ക്:

1). പരശുരാമൻകുന്നത്ത് അത്താണിക്കൽ അത്തൻ. 2). ടി. മകൻ ഉണ്ണിപ്പ. 3). പുത്തൻ പീടിക വാൽക്കണ്ടത്തിൽ പോക്കർ. 4). ടി. മകൻ കാസിം. 5). പയ്യിനി (പുള്ളിച്ചി പാത്തുമ്മ മകൻ) അഹമ്മദ് കുട്ടി മുണ്ടേങ്ങര. 6). വലിയപറമ്പൻ വീരാൻകുട്ടി (ഉണ്ണിക്കമ്മദ് മൊല്ല മകൻ). 7). വടക്കേതൊടിക അത്തൻ. 8). നാലകത്ത് കരീം (വീരാൻ ഹാജിയുടെ വാപ്പ). 9). നാലകത്ത് മൊയ്തീൻ. 10). നാലകത്ത് ചെറിയ മൊയ്തീൻ. 11). നാലകത്ത് അഹമ്മദ് കുട്ടി. 12). അയ്ദറു എന്ന ഹൈദർസ്. 13). താഴത്ത് പീടിയക്കൽ മൊയ്തീൻ. 14). അയ്യൻ കുയ്യൻ രായിൻ. 15). പനക്കൽ മമ്മോട്ടി. 16). പരശുരാമൻകുന്നത്ത് കോമു (കോമുകുട്ടി ഹാജിയുടെ വാപ്പ). 17). പരശുരാമൻ കുന്നത്ത് കോമുകുട്ടി. 18). ചൂണ്ടിയൻ മമ്മദ്. 19). ചൂണ്ടിയൻ കുഞ്ഞുമൊയ്തീൻ 20). മാരിയോടൻ അഹമ്മദ്കുട്ടി 21). പൊട്ടൻചാലി ലവക്കുട്ടി. 22). വലിയപറമ്പൻ ഉണ്ണ്യേൻകുട്ടി. 23). കുപ്പച്ചാലി മോയിൻകുട്ടി (വേക്കോട്). 24). പാലോളി അലവി. 25). കപ്പച്ചാലി അലവി. 26). കടൂരൻ അലവി (മമ്മോട്ടിയുടെ സഹോദരൻ). 27)കളത്തിൽ ഐത്തുട്ടി. 28). കീശീരി വലിയ മോയിൻകുട്ടി. 29). പള്ളിപ്പറമ്പൻ ആലി (അഹമ്മതുട്ടിയുടെ വാപ്പ).

പള്ളിയിൽ പട്ടാളത്തിന്റെ മർദനമേറ്റിട്ടും മരിക്കാതെ ബാക്കിയായവർ: 1. കറുത്ത കുഞ്ഞാലൻ 2. പി.കെ. ഉണ്ണ്യോൻ കുട്ടി 3. അധികാരത്ത് ആലി മമ്മദ്.

**റഫറൻസ്:**

40. ഉർദുഭാഷ

41. ലഭ്യമായയും പ്രബലമായതുമായ തെളിവുകളോട് താരതമ്യം ചെയ്യുമ്പോൾ ഗ്രന്ഥകാരന്റെ ഈ അഭിപ്രായം തികച്ചും ശരിയല്ല.

42. ഒതായിലെ കബീർ സലഫിയുടെ കുടുംബം

43. ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റ അദ്ദേഹത്തിന്റെ ആന്തരിക അവയവങ്ങൾ തകർന്നു പോയിരുന്നു. വിവാഹിതായിരുന്നുവെങ്കിലും കുട്ടികൾ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഭൂമിയും താമസിച്ചിരുന്ന വീടും ഒതായി പള്ളിക്ക് വഖഫ് ചെയ്തു.

44. മലപ്പുറം ജില്ലയിലെ വള്ളുവമ്പുറത്തുണ്ടായിരുന്ന ഹിച്ച്കോക്ക് സായിപ്പിന്റെ പ്രതിമ സ്വാതന്ത്ര്യസമര സേനാനികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതായിരുന്നു. നാട്ടുകാരെ വേണ്ടുവോളം ദ്രോഹിച്ചിട്ടുള്ള ഹിച്ച്കോക്ക് എന്ന ബ്രിട്ടീഷ് സായിപ്പിന്റെ പ്രതിമ നീക്കംചെയ്യൽ രാജ്യസ്നേഹികളുടെ അഭിമാനത്തിന്റെ പ്രശ്നം കൂടി ആയിരുന്നു.

“ഹിച്ച് കോക്ക് സ്മാരം... പൊളിക്കണം, നീക്കണം...”

തുടങ്ങിയ ഈരടികൾ അക്കാലത്ത് വ്യാപകമായിരുന്നു. 1939ൽ മോങ്ങത്ത് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ നേതൃത്വത്തിൽ സ്വദേശാഭിമാനികൾ യോഗംചേർന്ന് വള്ളുവമ്പുറത്തേക്ക് പ്രകടനമായി നീങ്ങി. എന്നാൽ പോലീസ് പ്രകടനക്കാരെ ലാത്തിവീശി തുരത്തി.

45. കോഴിക്കോട് ഡി.എസ്.പി

46. എടവണ്ണയും ഒതായിയും തമ്മിൽ ബന്ധിക്കുന്ന സീതിഹാജി പാലത്തിന്റെ എതിർവശം മഞ്ചേരി-നിലമ്പൂർ റോഡിന്റെ സൈഡിലായിരുന്നു ഈ ആദ്യകാലത്ത് ഈ ശവകുടീരം നിലനിന്നിരുന്നത്. ഇന്ന് ആ ഭാഗത്തായി കാണുന്ന ബിസിനസ്സ് കോംപ്ലക്സിന്റെ പിൻ ഭാഗത്തായിരുന്നു ഇത്.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# സാന്ത്വന സൗഹൃദങ്ങൾ

**ഔ**ദ്യോഗികമായി കണക്കെഴുത്തുമായി ബന്ധപ്പെട്ട കാര്യത്തിന് വന്നപ്പോഴാണ് പരിചയപ്പെട്ടത്. പിന്നീടത് ആത്മാർഥ സൗഹൃദമായി വളരുകയായിരുന്നു. (കോളേജിൽ പഠിക്കുമ്പോൾ എന്റെ സീനിയർ ആയ അദ്ദേഹത്തിന്റെ അന്നത്തെ തലയെടുപ്പുള്ള രൂപം ഇന്നും ഓർമയിലുണ്ട്). ഈ ബന്ധം പിന്നീട് എപ്പോഴോ സൗഹൃദത്തിന് പുറത്തേക്ക് വളർന്നു. കുടുംബവിശേഷങ്ങളും യാത്രാനുഭവങ്ങളും സ്വകാര്യ സങ്കടങ്ങൾ പോലും പങ്കുവെക്കുന്നിടത്തെത്തി.

അതേപോലെ വ്യാപാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മറ്റൊരാളുമായി തുടങ്ങിയ ബന്ധം പടർന്ന് പന്തലിച്ചിരിക്കുന്നു. ഇരു കുടുംബങ്ങളിലേക്കും അതിന്ന് വളർന്നിരിക്കുന്നു.

സാമൂഹ്യ പ്രവർത്തന മേഖലയിൽ വെച്ചാണ് വേറൊരാളെ പരിചയപ്പെടുന്നത്. ഉടുതുണിക്ക് മറുതുണിയില്ലാതെ വിഷമിക്കുന്നവർക്ക് നിറംമങ്ങാത്ത, കീറാത്ത, പുതുമ പോകാത്ത ഉപയോഗിച്ച വസ്ത്രങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്ന ഒരു ദൗത്യമായിരുന്നു അദ്ദേഹം ഏറ്റെടുത്തിരുന്നത്. ഞങ്ങൾ നാട്ടുകാർ അദ്ദേഹത്തിന് രണ്ടു വലിയ ലോറി നിറയെ വസ്ത്രങ്ങൾ ശേഖരിച്ച് നൽകി. അന്ന് തുടങ്ങിയ ബന്ധം ഇന്നും മുറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ സാമൂഹ്യ പ്രവർത്തന മേഖലയിൽ ഒന്നായി ഞങ്ങളുടെ ഗ്രാമവും ഉൾപ്പെടുന്നതിലേക്ക് അത് വഴിതുറന്നു. ഞങ്ങളുടെ കുടുംബങ്ങൾ തമ്മിലടുത്തു. ഒരുമിച്ച് യാത്ര ചെയ്തു. മുമ്പ് പറഞ്ഞ കണക്കെഴുത്തുകാരനെയും വ്യാപാരിയെയും അദ്ദേഹവുമായി അടുപ്പിച്ചു. ഇപ്പോൾ ഈ മൂന്നു പേരും ഞാനും അടക്കമുള്ള കൂട്ടായ്മ സാമൂഹ്യ പ്രവർത്തന മേഖലയിൽ ചില്ലറ ഇടപെടലുകൾ നടത്തുന്നു. അഗതികൾക്ക് ഭക്ഷ്യവസ്തുക്കൾ, പഠനോപകരണങ്ങൾ എന്നിവയുടെ വിതരണം; വീട് നിർമാണം എന്നിവ ചെയ്തുവരുന്നു. ഒരു വീടിന്റെ പണി പൂർത്തിയാവുകയും അതിൽ താമസം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ ഏറ്റെടുത്ത് നടത്തുന്ന വീട് നിർമാണം പൂർത്തിയായി വരുന്നു. ബാക്കിയുള്ള ചുമർ തേപ്പിനും മറ്റു പണികൾക്കും പണം സ്വരൂപിക്കാൻ തുടങ്ങി.

ഈ നാലംഗ കൂട്ടുകെട്ട് ഒരുമിച്ച് യാത്ര ചെയ്തിട്ടുണ്ട്, ദൂരെ താമസിച്ചിട്ടുണ്ട്, അഗതി മന്ദിരങ്ങൾ സന്ദർശിച്ച് സഹായങ്ങൾ നൽകിയിട്ടുണ്ട്, കുടുംബങ്ങൾ സന്ദർശിച്ചിട്ടുണ്ട്, വേദികളിൽ പ്രസംഗിച്ചിട്ടുണ്ട്. ഇവരിൽ ചിലരുടെ അനുഭവങ്ങൾ ഞാൻ എഴുതിയിട്ടുണ്ട്, ഓൺലൈൻ റേഡിയോയിൽ അവർ ജീവിത കഥ പങ്ക് വെച്ചിട്ടുണ്ട്. മനസ്സടുപ്പമുള്ള ഒരു ബന്ധമായി വളർന്ന് പന്തലിച്ചിരിക്കുന്നു.

ചില ആകസ്മിക പരിചയങ്ങൾ, ബന്ധങ്ങൾ, കണ്ടുമുട്ടലുകൾ, അനുഭവങ്ങൾ നമ്മുടെ ജീവിതത്തിൽ വലിയ മാറ്റം ഉണ്ടാക്കും. അത് നൽകുന്ന ഊർജം വളരെ വലുതാണ്.

ഭൂതകാലം അത് നമ്മെ ഓർമിപ്പിക്കും, വർത്തമാന കാലത്ത് എന്ത് ചെയ്യാനാവും എന്ന് പഠിപ്പിക്കും. ഭാവിയെക്കുറിച്ച് പ്രതീക്ഷ നൽകും. ജീവിതം തന്നെയത് മാറ്റി മറിച്ചേക്കും. അതിനാൽ നല്ല സൗഹൃദങ്ങളെ ആരും അവഗണിക്കരുത്.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
19 October 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

## വിപണിയിൽ...




# മതവും യുക്തിവാദവും
# ഒരു സംവാദം

**ഡോ. എം ഉസ്മാൻ / കെ ഉമർ മൗലവി**
**എം.സി ജോസഫ് / പി.സി കടലുണ്ടി / ആർ.എ ഹംസ മാസ്റ്റർ**

**വില: ₹100**

ദൈവനിഷേധം എന്നത് ഏറ്റവും വലിയ യുക്തിരാഹിത്യമാണ്. എന്നാൽ ദൈവനിഷേധത്തിന് ചിലർ പേരിട്ടിരിക്കുന്നത് യുക്തിവാദമെന്നാണ്!! ഈ സുന്ദര പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്നതിന്. യുക്തിസഹമായ എമ്പാടും തെളിവുകൾ ഇസ്‌ലാമിക പ്രമാണങ്ങൾ അവതരിപ്പിക്കുന്നുണ്ട്. ആ തെളിവുകളൊന്നും ഒരാൾക്കും നിഷേധിക്കാനാവാത്തതുമാണ്. അഹന്തയും അജ്ഞതയും ഒരുമിക്കുമ്പോൾ ഉണ്ടായി വരുന്ന ഭൗതിക വാദത്തിന്റെ പരിണിത ഫലങ്ങൾ ലോകമേറെ അനുഭവിച്ചതാണ്. സദാചാരത്തിന്റെ അതിർത്തികളില്ലാത്ത കുത്തഴിഞ്ഞ ലോകത്തിന്റെ സൃഷ്ടിപ്പാണ് ഭൗതികവാദത്തിന്റെ അനന്തരഫലം. അതുകൊണ്ടു തന്നെ, ഇസ്‌ലാമും ഭൗതികവാദവും എന്നും സംവാദത്തിൽ തന്നെയായിരുന്നു. ഒരു വേള ഇസ്‌ലാം തന്നെയാണ് അവരുടെ ലക്ഷ്യവും.

ആധുനിക യുഗത്തിലും നവമാധ്യമങ്ങളിലൂടെ യുക്തിവാദമെന്ന വരണ്ട ആദർശം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവർ തങ്ങളുടെ മുൻഗാമികൾ ഇസ്‌ലാമിക പണ്ഡിതന്മാരുമായി വൈജ്ഞാനികമായി ഏറ്റുമുട്ടിയപ്പോൾ എന്തു സംഭവിച്ചു എന്ന് ഓർക്കുന്നത് നല്ലതാണ്. അത്തരത്തിലുള്ള ഒരു വൈജ്ഞാനിക സംവാദത്തിന്റെ ഓർമക്കുറിപ്പാണ് ഈ ഗ്രന്ഥം.

കെ. ഉമർ മൗലവി, ഡോ. ഉസ്മാൻ എന്നീ ധിഷണാശാലികളായ രണ്ടു പ്രതിഭകൾ യുക്തിവാദത്തിന്റെ നേതൃനിരയിലുണ്ടായിരുന്ന എം.സി ജോസഫ്, പി.സി കടലുണ്ടി എന്നിവരുമായി നടത്തിയ സംവാദമാണീ കൃതിയുടെ ഉള്ളടക്കം. യുക്തിവാദത്തിന്റെ 'യുക്തി' എത്രകണ്ട് ദുർബലമാണെന്ന് ഈ കൃതി തെളിയിക്കുന്നു.